# കേരള സർക്കാർ
# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## പെരുമ്പാവൂർ നഗരസഭ
## ഓഡിറ്റ് റിപ്പോർട്ട്
## 2015-16

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പെരുമ്പാവൂർ നഗരസഭ**
**ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം**
**e-mail:mlpbvr.ksad@kerala.gov.in**

**(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
മുനിസിപ്പൽ ഓഡിറ്റ് കാര്യാലയം,
പെരുമ്പാവൂർ.
E-mail : mlpbvr.ksad@kerala.gov.in

നം.കെ.എസ്.എ. പി.ബി.എം(എ.2)226/2016

തീയതി:- 30.01.2017

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ
(സെക്രട്ടറി മുഖാന്തിരം)
പെരുമ്പാവൂർ നഗരസഭ

സർ,

വിഷയം: പെരുമ്പാവൂർ നഗരസഭയുടെ 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

*****************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമ്പാവൂർ നഗരസഭയുടെ 2015-16 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2, 3 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ – ചട്ടം-14,15)
ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 ലെ കേരള മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടങ്ങൾ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

**ഡെപ്യൂട്ടി ഡയറക്ടർ**

<u>പകർപ്പ്:</u>
1)ഡയറക്ടർ,സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3)ഡയറക്ടർ,മുനിസിപ്പൽ ഭരണ വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4)റീജിയണൽ ജോയിന്റ് ഡയറക്ടർ,മുനിസിപ്പൽ ഭരണ വകുപ്പ്,എറണാകുളം.
5)ഓഫീസ് കോപ്പി.

**എറണാകുളം ജില്ലയിലെ പെരുമ്പാവൂർ നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

.

(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്-13 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

എറണാകുളം ജില്ലയിലെ പെരുമ്പാവൂർ നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റ് ചെയ്തു. നഗരസഭയിൽ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ 31.12.2016 വരെ പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മാത്രം മറുപടി ലഭിച്ചു. മറുപടി പരിഗണിച്ചതിന് ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരണത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

.

| **എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം** | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ജി.ശ്രീകുമാർ,<br>ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.10.2016 മുതൽ<br>31.01.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം.എം.മത്തായി<br>(ഓഡിറ്റ് ഓഫീസർ) |
| | ശ്രീമതി. ശ്രീജ.ഉണ്ണിക്കൃഷ്ണൻ<br>(അസി. ഓഡിറ്റ് ഓഫീസർ) |
| | ശ്രീമതി. അനീറ്റ.പി.സാമുവൽ<br>(സീ.ഗ്രേ. ഓഡിറ്റർ) |
| | ശ്രീമതി. സറീന. പി.എ<br>(ഓഡിറ്റർ) |

.

| **ബി) നിർവ്വഹണാധികാരികൾ** | |
|---|---|
| ചെയർപേഴ്സൺ | ശ്രീമതി. സതി ജയകൃഷ്ണൻ |
| വൈസ് ചെയർപേഴ്സൺ | ശ്രീമതി. നിഷ വിനയൻ |
| **സ്റ്റാൻഡിംഗ് കമ്മിറ്റി** | |

| | |
|---|---|
| <u>ചെയർപേഴ്സൺ</u> | |
| വികസന കാര്യം | കുമാരി. സജീനാ (സജീനാ ഹസ്സൻ) |
| ക്ഷേമകാര്യം | ശ്രീ. അലി.കെ.എം |
| വിദ്യാഭ്യാസം | ശ്രീമതി. ജെസ്സി എ.ജി |
| പൊതുമരാമത്ത് | ശ്രീമതി. വത്സല രവികുമാർ |
| ആരോഗ്യം | ശ്രീമതി. സുലേഖ ഗോപാലകൃഷ്ണൻ |

**<u>നിർവ്വഹണോദ്യോഗസ്ഥൻ</u>**

| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|
| റ്റി.എസ്.സെയ്ഫുദ്ദീൻ | സെക്രട്ടറി | 01.04.15 മുതൽ 31.03.16 വരെ |
| **മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| ഫിബിമോൾ ഫ്രാൻസീസ് | മുനിസിപ്പൽ എഞ്ചിനീയർ | 01.04.15 മുതൽ 31.03.16 വരെ |
| കെ.കെ.സുലോചന | അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ | 01.04.15 മുതൽ 29.01.16വരെ |
| രാജൻ കെ.എ | | 30.01.15 മുതൽ 12.01.16വരെ |
| അനിൽകുമാർ കെ.എം | | 13.01.16 മുതൽ 25.01.16വരെ |
| രാജൻ കെ.എ | | 26.01.16 മുതൽ 31.03.16വരെ |
| ഡോ. സുമ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01.04.15 മുതൽ 31.03.16വരെ |
| ഡോ.പി.ആർ നന്ദകുമാർ | മെഡിക്കൽ ഓഫീസർ (ആയുർ വേദം | 01.04.15 മുതൽ 31.03.16വരെ |
| ഡോ.ശ്രീലേഖ.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01.04.15 മുതൽ 31.03.16വരെ |
| ഡോ.ജി.പി.മൃദുല | വെറ്ററിനറി സർജൻ | 01.04.15 മുതൽ 09.08.15വരെ |
| ഡോ. വർഗ്ഗീസ് മാത്യു | സീനിയർ വെറ്ററിനറി സർജൻ | 10.08.15 മുതൽ 10.09.15വരെ |
| ഡോ. റാണി.കെ.ഉമ്മൻ | സീനിയർ വെറ്ററിനറി സർജൻ | 10.09.15 മുതൽ 31.10.15വരെ |
| ഡോ.ജി.പി.മൃദുല | ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അനിമൽ ഡിസ്പെൻസറി | 01.11.15 മുതൽ 05.03.16വരെ |
| ഡോ. സജികുമാർ | സീനിയർ വെറ്ററിനറി സർജൻ | 05.03.15 മുതൽ 31.03.16വരെ |
| രവീന്ദ്രൻ നായർ കെ.എസ് | ഹെഡ്മാസ്റ്റർ, ഗവ. ബോയ്സ് സ്കൂൾ | 01.04.15 മുതൽ 31.03.16വരെ |
| ഷൈനിമോൾ കെ.ബി | പട്ടിക ജാതി വികസന ഓഫീസർ | 01.04.15 മുതൽ 31.03.16വരെ |

| | | |
|---|---|---|
| സൈനബ.എൈ | എൈ.സി.ഡി.എസ്. സൂപ്പർവൈസർ | 01.04.15 മുതൽ 31.03.16വരെ |
| എൻ.കെ.രാജൻ | സി.ഡി.എസ്. പ്രോജക്ട് ഒാഫീസർ | 01.04.15 മുതൽ 31.06.15വരെ |
| ഇ.എം.മീരാൻകുഞ്ഞ് | സി.ഡി.എസ്. പ്രോജക്ട് ഒാഫീസർ | 01.07.15 മുതൽ 31.03.16വരെ |
| ദീപ.എം | വ്യവസായ വികസന ഓഫീസർ | 01.04.15 മുതൽ 19.04.15 വരെ 15.08.15 മുതൽ 31.03.16വരെ |
| രേഷ്മ.ജി. | വ്യവസായ വികസന ഓഫീസർ | 20.04.15 മുതൽ 14.08.15വരെ |

**.ഉള്ളടക്കം**



| ക്രമ നം. | ഭാഗം 1 - പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | പദ്ധതി അവലോകനം. | 1-12 |

| | | |
|---|---|---|
| 13 | പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ | 1-13 |
| 14 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2016-17 | 1-14 |
| | **ഭാഗം 2 - വരവിനങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ** | |
| 15 | തൊഴിൽ നികുതി | 2-1 |
| 16 | നഗരസഭാ പരിധിയിൽ ഡി & ഒ ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 2-2 |
| 17 | തടി നികുതി ഏർപ്പെടുത്തിയിട്ടില്ല-തനത് വരുമാനത്തിൽ കുറവ് | 2-3 |
| 18 | നഗരസഭ വക വെജിറ്റബിൾ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിടങ്ങളുടെ വാടക കുടിശ്ശികയും മുറികളുടെ വാടക എഗ്രിമെന്റ് പുതുക്കാത്തതും സംബന്ധിച്ച് | 2-4 |
| | **ഭാഗം 3 - ചെലവിനങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ** | |
| 19 | നഗരസഭ പെൻഷൻ അംശദാനം ഒടുക്കാത്തത് | 3-1 |
| 20 | C.L.R workers – ന്റെ അധിക വേതനം നൽകിയത് സംബന്ധിച്ച് | 3-2 |
| 21 | ഒരേ ദിവസം കണ്ടിജന്റ് വർക്കറായും സി.എൽ.ആർ കണ്ടിജന്റ് വർക്കറായും ജോലി ചെയ്ത് കൂടുതൽ നൽകിയ തുക നിരികെ ഈടാക്കേണ്ടതാണ്. | 3-3 |
| 22 | ലേലം ചെയ്ത ബീഫ് സ്റ്റാളുകൾ - വൈദ്യുതി ചാർജ്ജ് നഗരസഭ ഒടുക്കുന്നത് സംബന്ധിച്ച് | 3-4 |
| 23 | നാഗഞ്ചേരി മന & പാർക്ക് | 3-5 |
| 24 | ആശ്രയ - പദ്ധതിപ്പണം ചിലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് | 3-6 |
| 25 | മുൻകൂർ ക്രമീകരിക്കാത്തത് | 3-7 |
| 26 | ഖരമാലിന്യ സംസ്കരണം സംബന്ധിച്ച് | 3-8 |
| 27 | പി.എഫ് വിഹിതം യഥാസമയം അടയ്ക്കാത്തത് സംബന്ധിച്ച് | 3-9 |
| 28 | തിയറ്ററുകളിൽ നിന്നും വിനോദ നികുതി-സെസ് പിരിവ് - സംബന്ധിച്ച്- ടിക്കറ്റിന്മേൽ സെസ് ഈടാക്കി അടയ്ക്കുന്നത് സംബന്ധിച്ച് | 3-10 |
| 29 | തെരുവു വിളക്കുകളുടെ പരിപാലനം അപാകതകൾ | 3-11 |
| 30 | മൃഗാശുപത്രി പ്രോജക്ട് | 3-12 |
| 31 | ഓപ്പറേഷൻ തിയേറ്ററിലേക്ക് ഉപകരണങ്ങൾ വാങ്ങാൻ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല. | 3-13 |
| 32 | നെൽകൃഷി പ്രൊഡക്ഷൻ ബോണസ് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. 6800/- രൂപ തടസ്സപ്പെടുത്തുന്നു. | 3-14 |
| 33 | ജാതി കൃഷിക്ക് വളം സബ്സിഡി - നിർവ്വഹണത്തിലെ അപാകതകൾ | 3-15 |
| 34 | വാഴകൃഷിക്ക് വളം സബ്സിഡി-നിർവ്വഹണത്തിലെ അപാകതകൾ | 3-16 |
| 35 | സബ്സിഡി വിഹിതം ഗുണഭോക്താക്കളുടെ ബാങ്ക് | 3-17 |

| | | |
|---|---|---|
| | അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്-ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റിൽ അക്കൗണ്ട് നമ്പറുകൾ ഉൾപ്പെടുത്തിയിട്ടില്ല. | |
| 36 | ശാരീരിക വൈകല്യമുള്ളവർക്ക് ഉപകരണവിതരണം - അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് അനുകൂല്യം നൽകി- തുക നിരാകരിക്കുന്നു. | 3-18 |
| 37 | വാർഷിക പദ്ധതി - 2015-16 - ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു. | 3-19 |
| 38 | പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര്യ ലഘൂകരണ സെൽ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പ്രൊജക്ടിന് വകയിരുത്തിയ തുക പട്ടികജാതി വികസന ഓഫീസർ കൈപ്പറ്റി-ചെലവു രേഖകൾ ലഭ്യമല്ല-തുക നിരാകരിക്കുന്നു. | 3-20 |
| 39 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിച്ചതിന് നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. | 3-21 |
| 40 | സാധാരണ മണ്ണ് കുഴിച്ചെടുക്കുന്ന പ്രവൃത്തിക്ക് തെറ്റായ നിരക്ക് നൽകിയതു മൂലം നഗരസഭയുടെ നഷ്ടം 2721 രൂപ | 3-22 |
| 41 | ഓവർ ഹെഡ് ചാർജ്ജിനത്തിൽ അധികമായി നൽകിയ 2534/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. | 3-23 |
| 42 | വല്ലം പാലം സംരക്ഷണ ഭിത്തി നിർമ്മാണം എന്ന വേലയ്ക്ക് അധിക നിരക്ക് നൽകിയതു മൂലം നഗരസഭയ്ക്കുണ്ടായ നഷ്ടം - 19549/- രൂപ | 3-24 |
| 43 | ടൈൽ വിരിച്ചതിന് കൂടിയ നിരക്കനുവദിച്ചതിനാൽ നഗരസഭയ്ക്കുണ്ടായ നഷ്ടം- 26376/- രൂപ | 3-25 |
| 44 | മരാമത്ത് പ്രവൃത്തികൾക്ക് തെറ്റായ നിരക്ക് നൽകിയത് മൂലം നഗരസഭക്കുണ്ടായ നഷ്ടം 258301 രൂപ | 3-26 |
| | **ഭാഗം 4 - പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 45 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 46 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 47 | മൊബൈലിസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 48 | വായ്പ – വായ്പ തിരിച്ചടവ് | 4-4 |
| 49 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 50 | ഓഡിറ്റ് റിക്കവറി | 4-6 |
| 51 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 52 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 53 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 54 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-10 |
| 55 | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം1 |
| 56 | ഇൻകം & എക്സ്പൻഡിച്ചർ പത്രിക 2015-16 | അനുബന്ധം2 |
| 57 | വരവ് ചെലവ് പത്രിക 2015-16 | അനുബന്ധം3 |

# ഭാഗം 1
# പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് നഗരസഭാ കൗൺസിലിന്റെ 12.03.2015 ലെ (I)A1-14638/14 തീരുമാനപ്രകാരം അവതരിപ്പിച്ച് അംഗീകാരം ലഭ്യമായിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ 47059449/- രൂപ മുന്നിരിപ്പും 194224000/- രൂപ വരവും 188316500/- രൂപ ചെലവും 52966949/- രൂപ നീക്കിയിരിപ്പും കണക്കാക്കുന്ന 2015-16 വർഷത്തിലെ പുതുക്കിയ ബഡ്ജറ്റും 29.02.2016 ലെ കൗൺസിൽ യോഗം അംഗീകരിച്ചു.ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 05.07.2016(എയിംസിലൂടെ) 19.8.16 ചട്ടപ്രകാരം ഭൗതികമായി | - | - |

## 1-3 വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ

1. മുനിസിപ്പാലിറ്റിയുടെ എല്ലാ സ്ഥാവരജംഗമ വസ്തുക്കളും മൂല്യ നിർണ്ണയം നടത്തി ഓപ്പണിംഗ് ബാലൻസ് ഷീറ്റ് തയ്യാറാക്കി സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. നഗരസഭയുടെ അധീനതയിലുള്ള ഭൂമിയുടെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. നഗരസഭയുടെ ചെസ്റ്റിൽ കെ.യു.ഡി.എഫ്.സി. യുടെ 100 രൂപ മുഖവിലയുള്ള 710 ഷെയർ സർട്ടിഫിക്കറ്റുകൾ ഉണ്ട്. ഇവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ കേരള ആയുർവ്വേദ കോ-ഓപ്പറേറ്റിവ് സൊസൈറ്റിയുടെ 10 രൂപയുടെ 10 എണ്ണവും, 11.11.1968 ലെ 442-ാം സർട്ടിഫിക്കറ്റ് പ്രകാരം പെരുമ്പാവൂർ ടൗൺ കോ-ഓപ്പറേറ്റിവ് കൺസ്യൂമർ സ്റ്റോറിന്റെ 100 രൂപയുടെ 100 ഷെയറുകളും വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 23.08.2016 | - |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4810179 | 18088749 | 22898928 | 19809395 | 3089533 |
| വികസനഫണ്ട് എസ്.സി.പി. | 3467917 | 7156000 | 10623917 | 4904911 | 5719006 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | 2196949 | 23229000 | 25425949 | 20763026 | 4662923 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 652247 | 4375000 | 5027247 | 4038709 | 988538 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3915250 | 14768249 | 18683499 | 7516840 | 11106659 |
| പെർഫോമൻസ് ഗ്രാന്റ് | 3461019 | - | 3461019 | 3098583 | 362436 |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 20216 | 1400000 | 1420216 | 818525 | 601691 |
| ബി ഫണ്ട് | - | 1731760 | 1731760 | 1731760 | - |

## 1-6 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 47059449.26 |
| വരവ് | 185548333 |
| ആകെ | 232607782.26 |
| ചെലവ് | 195099834 |
| നീക്കിയിരിപ്പ് | 37507948.26 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം 2014-15 | തൻവർഷം 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 31918203 | 37982975 | 6064772 | 19% |
| നികുതിയേതര വരവുകൾ | 46868829 | 29895883 | 16972946 | (-)36% |

| | | | | |
|---|---|---|---|---|
| മറ്റ് വരവുകൾ | 13300125 | 52662951 | 39362826 | 296% |
| ആകെ | 100069157 | 120541809 | 20472652 | |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 151670 | 91 |
| കർഷകതൊഴിലാളി പെൻഷൻ | DBT | 195 |
| വിധവാപെൻഷൻ | DBT | 991 |
| വാർദ്ധക്യകാലപെൻഷൻ | DBT | 1660 |
| വികലാംഗപെൻഷൻ | DBT | 271 |
| 50 വയസ്സ് അവിവാഹിത | DBT | 40 |
| വിവാഹ ധനസഹായം | 270000 | 9 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) -ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.12.2016 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 192357/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പെരുമ്പാവൂർ നഗരസഭാ കൗൺസിലിലേയ്ക്ക് പുതിയതായി തെരഞ്ഞെടുക്കപ്പെട്ട *26* അംഗങ്ങളും *12.11.2015* തീയതിയിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റിട്ടുണ്ട്. നഗരസഭയിൽ നാളിതുവരെ *69* റഗുലർ ജീവനക്കാരും *41* സ്ഥിരം കണ്ടിജന്റ് ജീവനക്കാരും *25* താൽകാലിക ജീവനക്കാരും ട്രെയിനികളായ *4* പേരും ജോലി ചെയ്യുന്നുണ്ട്.

നഗരസഭയിൽ സ്ഥിര/താല്കാലികമായി ജോലി നോക്കുന്ന കണ്ടിജന്റ് ജീവനക്കാരുടെ ഹാജർ പുസ്തകം കൃത്യമായും വ്യക്തമായും എഴുതി സൂക്ഷിക്കുന്നില്ല. താല്കാലിക കണ്ടിജന്റ് ജീവനക്കാർക്ക് അധിക വേതനം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 27.06.2016 മുതൽ | 14-15 2 | റിപ്പോർട്ട് |

| | | | |
|---|---|---|---|
| ഓഡിറ്റ് | 30.06.2016 വരെ | മുതൽ 15-16 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.09.2015 | 2010-11 | |

# 1-12 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 142 | 94391905 | 112 | 61157050 | 29 | 1 | 78 |

# 1-13 പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

# 1-14 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2016-17

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ *(2015-16 ലേത്)* ഈ റിപ്പോർട്ടിന്റെ ഭാഗമായിരിക്കുന്നതാണ്.

## ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 തൊഴിൽ നികുതി

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 254 പ്രകാരം ഏതൊരു ഓഫീസ് മേധാവിയും തൊഴിലുടമയും തന്റെ സ്ഥാപനത്തിലെ തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തുകയും സ്വയം ശമ്പളം എഴുതി വാങ്ങുന്നവർ ഉൾപ്പെടെയുള്ളവർ നഗരസഭ നൽകിയിട്ടുള്ള നോട്ടീസിലെ തൊഴിൽ നികുതി പട്ടികയ്ക്കനുസൃതമായ തൊഴിൽ നികുതി കണക്കാക്കി അടക്കേണ്ടതാണ്. എന്നാൽ നഗരസഭയുടെ 2015-16 തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

**<u>2-1(1)തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്</u>**

**ഒന്നാം അർദ്ധവർഷം**

| ക്രമ | സ്ഥാപനത്തിന്റെ പേര് | വ്യക്തിയുടെ | അർദ്ധ | ഈടാക്കിയ | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| നം | | പേര് | വാർഷിക വരുമാനം | നികുതി | | |
| 1 | ചെമ്മണ്ണൂർ ക്രെഡിറ്റ് & ഇൻവെസ്റ്റ്മെന്റ് | ദീപ വി.ജി. | 96000 | 300 | 750 | 450 |
| 2 | കെ.പി.വർക്കി & സൺസ് | 1)ഫ്രാങ്കിയ മാത്യൂ | 49500 | 300 | 450 | 150 |
| | | 2)ജോർജ്ജ്കുട്ടി ജേക്കബ് | 49500 | 500 | 450 | 150 |
| | | 3)ബിജു.പി.വി | 49500 | 300 | 450 | 150 |
| | | 4)ബെന്നി പീറ്റർ | 49500 | 300 | 450 | 150 |
| 3 | എെ.സി.എെ.സി.എെ ബാങ്ക് | 1) താരാപോൾ | 102000 | 600 | 1000 | 400 |
| | | 2) ബിനോജ്. കെ.വി | 102000 | 600 | 1000 | 400 |
| | | 3) അഭിലാഷ് | 102000 | 180 | 1000 | 820 |
| രണ്ടാം അർദ്ധവർഷം | | | | | | |
| 1 | കെ.പി.വർക്കി & സൺസ് | 1)ഫ്രാങ്കിയ മാത്യൂ | 49500 | 300 | 450 | 150 |
| | | 2)ജോർജ്ജ്കുട്ടി ജേക്കബ് | 49500 | 300 | 450 | 150 |
| | | 3)ബിജു.പി.വി | 49500 | 300 | 450 | 150 |
| | | 4)ബെന്നി പീറ്റർ | 49500 | 300 | 450 | 150 |

മേൽ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്ന് തൊഴിൽ നികുതിയിനത്തിൽ നിന്ന് 3270/- രൂപ പിരിച്ചെടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2-1(2) തൊഴിൽ നികുതി കുട്ടിയെഴുതിയതിൽ പിശക്**

താഴെ പറയുന്ന സ്ഥാപനങ്ങളിലെ തൊഴിൽ നികുതി കുട്ടിയെഴുതിയതിൽ പിശക് കാണുന്നു.

| നം | സ്ഥാപനത്തിന്റെ പേര് | അടക്കേണ്ട തുക | അടച്ചത് | കുറവ് |
|---|---|---|---|---|
| 1 | ഗോൾഡ് ലൈൻ ടിമ്പർ ഇൻഡസ്ട്രീസ് | 3300 | 3000 | 300 |
| 2 | നക്ഷത്ര ഗോൾഡ് & ഡയമണ്ട്സ് | 1380 | 1180 | 200 |
| ആകെ | | | | 500 |

മേൽ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് കുറവു വന്ന തുക 500/- രൂപ പിരിച്ചെടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2-1(3) ഡി&ഒ ലൈസൻസ് ഫീസ് അടക്കുന്നുണ്ട് പക്ഷേ തൊഴിൽ നികുതി അടക്കുന്നില്ല.**

നഗരസഭയിൽ നിന്ന് ഡി&ഒ ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളും തൊഴിൽ നികുതി കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. ഡി&ഒ ലൈസൻസ് ഒടുക്കിയ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

| നം | വാതിൽ നം | പേര് | വ്യാപാരത്തിന്റെ സ്വഭാവം | ഡി&ഒ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | 1/91B | ആൻ വർഗ്ഗീസ് താഴത്തേപുരം | പ്ലാസ്റ്റിക്,പ്ലൈവുഡ്,ഇരുമ്പ് പൈപ്പ് വില്പന | 2200 |
| 2 | 6/534A | കെ.എസ്.ഉമ്മർ കോട്ടപ്പുറത്ത് | നാളികേരം വില്പന | 1000 |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അടക്കേണ്ടതാണ്.

<u>2-1(4) ഡിമാന്റ് രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി അടക്കാത്ത സ്ഥാപനങ്ങൾ</u>

താഴെ പറയുന്ന സ്ഥാപനങ്ങൾ/വ്യക്തികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ആയത് നാളിതുവരെയായിട്ടും പിരിച്ചെടുക്കുകയോ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

| നം. | ലൈസൻസിയുടെ പേര് | വാതിൽ നം | വ്യാപാരത്തിന്റെ സ്വഭാവം | അർദ്ധ വാർഷിക വരുമാനം | അടക്കേണ്ട തുക |
|---|---|---|---|---|---|
| 1 | അബ്ദുൾ കരീം ഹാജി | 1/234F | എഞ്ചിനിയറിംഗ് വർക്ക്ഷോപ്പ് | 65000 | 600+600 |
| 2 | തുസീഫ് എസ്.എം | 2/114A | പ്ലൈവുഡ് | 125000 | 1250+1250 |
| 3 | ബൈജു എം.പി മാണിയേലി | 5/183 | സീന അപ്പാരൽസ് ലിമിറ്റഡ് | 130000 | 1250+1250 |
| 4 | അനുപമ ആർ | 6/583B3 | ആയുർവേദ മരുന്നുകൾ | 60000 | 600+600 |
| 5 | എം.ഒ.ആന്റണി | 16/536 | ന്യൂ ആനന്ദ് ഹയർ പർച്ചേസിംഗ് | 150000 | 1250+1250 |
| 6 | ജോസ് പള്ളൂപേട്ട | 16/723D | സെയിൽ ടാക്സ് കൺസൾട്ടന്റ് | 126000 | 1250+1250 |
| | | | | | 12400/- |

മേൽ ചേർത്തിട്ടുള്ള 6 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2015-16 വർഷത്തിൽ പിരിച്ചെടുത്തതായോ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ചേർത്തതായോ കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ 15.11.2016 ലെ 5-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. 2015-16 വർഷം ഈയിനത്തിൽ ആകെ 12400/- രൂപയുടെ നഷ്ടം

നഗരസഭയ്ക്കുണ്ടായിട്ടുണ്ട്. ഈ തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നോ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ അടക്കേണ്ടതാണ്.

## 2-2 നഗരസഭാ പരിധിയിൽ ഡി & ഒ ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ഡി & ഒ ലൈസൻസ് അപേക്ഷയും ഡിമാന്റ് രജിസ്റ്ററും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ അപേക്ഷ നൽകി മുൻവർഷങ്ങളിൽ ലൈസൻസ് എടുത്തിട്ടുള്ളതാണെങ്കിലും 1994 ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് 447 -ാം വകുപ്പ് 1996, മെയ് 30 ലെ പെരുമ്പാവൂർ നഗരസഭയുടെ നമ്പർ എച്ച്1-8389/95 ഗസറ്റ് വിജ്ഞാപനം എന്നിവയ്ക്ക് വിരുദ്ധമായി തൻവർഷം ലൈസൻസ് പുതുക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/2016 തീ.11.11.2016) തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. നിയമപരമായ നടപടികൾ പൂർത്തിയാകാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള അനിഷ്ട സംഭവങ്ങളുണ്ടായാൽ ആയതിന്റെ ഉത്തരവാദിത്വം നഗരസഭ ഭരണസമിതിക്കും എക്സിക്യൂട്ടീവ് അതോറിറ്റിക്കുമായിരിക്കും. ലൈസൻസ് പുതുക്കാത്തതിനാൽ നഗരസഭയ്ക്ക് 33340/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| നം | വാതിൽ നം | പേര് | വ്യാപാരത്തിന്റെ സ്വഭാവം | ഡി&ഒ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | 1/190 | ജാൻസി റാഫേൽ, മുത്തേടൻ കുവപ്പടി | സ്റ്റീൽ പൈപ്പ്,പ്ലാസ്റ്റിക് സ്റ്റാൻഡ് വിൽപ്പന | 500 |
| 2 | 3/51 | കെ.അബ്ദുൾ കരീം,കാട്ടേത്താൻ കാഞ്ഞിരക്കാട് | 19 എച്ച്.പി. മോട്ടോർ സോമിൽ | 300 |
| 3 | 5/133A | വി.എം.ഇബ്രാഹീം, വാത്തിശ്ശേരി, തോട്ടുമുഖം | പ്ലൈവുഡ്, വിനീർ പാക്കിംഗ് കേസ് | 1000 |
| 4 | 6/95A | എസ്.അശോകൻ, അനഘം ഹൗസ്, പെരുമ്പാവൂർ | കോസ്മെറ്റിക് ഉൽപ്പന്നങ്ങൾ | 600 |
| 5 | 6/189A4 | എസ്.സതീഷ്, സതീഷ്ഭവൻ ചേലാമറ്റം | ഓഫീസ് എെറ്റംസ് | 500 |
| 6 | 6/230 | പ്രിയ ഉണ്ണിക്കൃഷ്ണൻ | ബ്യൂട്ടി പാർലർ | 100 |
| 7 | 6/239 | അരുൺ ജോണി, പ്ലാശേരി തിരുമുടിക്കുന്ന് | പെറ്റ്സ് & ഫുഡ്സ് ആക്സറീസ് | 500 |
| 8 | 6/378 | കെ.കെ.വർക്കി, കിഴക്കുമശ്ശേരി | ബാറ്ററി,ഇലക്ട്രോണിക്സ് ഉപകരണങ്ങൾ | 500 |

| | | | | |
|---|---|---|---|---|
| | | ഇരിങ്ങോൾ | | |
| 9 | 6/473 | എ.എം.സലീം, അമ്പാടൻ റയോൺപുരം | കണ്ണട വ്യാപാരം | 500 |
| 10 | 6/526 | പി.കെ.ഗംഗാധരൻ, പുളിക്കപറമ്പിൽ, വളയൻചിറങ്ങര | വെള്ളി ആഭരണങ്ങൾ | 250 |
| 11 | 6/545 | റഷീന.എം.എ, വല്ലം | പ്ലൈവുഡ്, വിനീർ | 500 |
| 12 | 6/556 | പി.സി.മണിയൻ, അനീഷ്ഭവൻ, എൈമുറി | പ്രിന്റിംഗ് പ്രസ്സ് | 125 |
| 13 | 6/19A | കെ.അർജ്ജുനൻ, തേവർമഠം പെരുമ്പാവൂർ | ബേക്കറി | 150 |
| 14 | 6/66B | കെ.ബി.രാജീവ്, കീപ്പടത്തിൽ | അലോപ്പതി മരുന്നുകൾ | 750 |
| 15 | 7/317A | മധു.പി.എ, പാടത്തിപറമ്പിൽ | സ്റ്റുഡിയോ | 200 |
| 16 | 7/319/D5 | ഷംനാദ്, കെ.കെ, കെ.കെ.എസ് പ്ലൈ & ബോർഡ് | പ്ലൈവുഡ് സെയിൽ | 250 |
| 17 | 9/21 | നെൽസൺ പുല്ലേർക്കാട് | ഹോമിയോ ക്ലിനിക്ക് | 100 |
| 18 | 9/93 | ഇ.കെ.ബഷീർ, ഇടമറ്റത്ത് ഇരിങ്ങോൾ | ഹെൽമറ്റ് വ്യാപാരം | 250 |
| 19 | 11/96 | ഷാജു.കെ.തോമസ് കുറ്റക്കാരൻ | ത്രീവീലർ സ്പെയേഴ്സ് | 500 |
| 20 | 12/195 | ശ്രീജിത്ത്, വാരിയേലിൽ ഇരിങ്ങോൾ | ഹോട്ടൽ | 300 |
| 21 | 14/72 | പി.എച്ച് പാട്ടേൽ അംബികാ നിവാസ്, എ.എം.റോഡ് | തടി ശേഖരണം | 150 |
| 22 | 15/19 | നൗഫൽ ഷാ എം.ജെ മാളിയം വീട്ടിൽ, മുടിക്കൽ | ജഗ്ഗരി & സ്വീറ്റ്സ് | 850 |
| 23 | 15/139 | സുബിൻ പോൾ,പൂണേലിൽ രായമംഗലം | റെക്സിൻ കർട്ടൻ ചെയർ, ബെഡ് | 250 |
| 24 | 15/185A | കെ.കെ.കൃഷ്ണകുമാർ, കലമ്പാട്ടുകുടി, എൈമുറി | ഓട്ടോമൊബൈൽ സ്പെയർ പാർട്ട്സ് | 350 |
| 25 | 15/189H | സിനി.പി.ജോയ് മുളവാലിക്കൽ, മറ്റൂർ | ഓട്ടോമൊബൈൽ സ്പെയർ പാർട്ട്സ് | 750 |
| 26 | 15/218 | ജിതിൻ ജോയ്, ആലപ്പാട്ട് എൈരാപുരം | സ്പൈസസ് | 750 |
| 27 | 15/226 | ബിമൽ സി.എസ്, ചെല്ലിശ്ശേരിൽ | സോഫ്റ്റ്വെയർ | 750 |
| 28 | 15/256 | കെ.പി.ജോമി, കാരക്കൽ റയോൺപുരം | 3 എച്ച്.പി.മോട്ടോർ വെൽഡിംഗ് | 700 |
| 29 | 15/301 | ഷെറിൻ ജോർജ്ജ്, നെല്ലിത്തട്ടിൽ, | ഫർണീച്ചർ മെറ്റീരിയൽസ് | 600 |

| | | | | |
|---|---|---|---|---|
| | | വടക്കുംഭാഗം | | |
| 30 | 15/316 | എം.എം.അബ്ദുൾ ജബ്ബാർ മടത്തുംപടി, അല്ലപ്ര | സോപ്പ്,പൗഡർ ക്ലീനിംഗ് മെറ്റീരിയൽസ് | 500 |
| 31 | 15/325C | ക്ലെമന്റ് കെ.ജെ അരീക്കൽ | ഓട്ടോമൊബൈൽ ബോഡി വർക്ക്സ് | 250 |
| 32 | 15/356A1 356A | ബിനീഷ് ജോസഫ്, പണ്ടിമറ്റത്തിൽ, പെരുമ്പാവൂർ | സ്റ്റേഷനറി | 250 |
| 33 | 15/514AB | എ.എം.മസൂദ്, അടുക്കൽപറമ്പിൽ, പെരുമ്പാവൂർ | ഓപ്റ്റിക്കൽസ് | 150 |
| 34 | 15/514G | പൗലോസ് എം.ഡി മാലേടത്ത്, കൊരട്ടി | കസ്റ്റമർ സർവ്വീസ് സെന്റർ | 1000 |
| 35 | 15/557 | എസ്എസ്.അലി എട്ടുകാലിൽ, ആലുവ | ഹോട്ടൽ | 100 |
| 36 | 15/559 | ഷാജി സി.കെ. ചെറുപറമ്പിൽ | ഹോട്ടൽ | 150 |
| 37 | 15/603 | പി.ജെ.സാബു, പാർവേലിക്കുടി | ഗ്യാസ് സ്റ്റൗവ് സ്പെയർപാർട്ട്സ് | 150 |
| 38 | 15/635 | മിസ്രിയ ഹസ്സൻ തെക്കേക്കുടി | ഫർണീച്ചർ സെയിൽ | 100 |
| 39 | 15/647 | സി.കെ.അബ്ദുള്ള, ചെന്താര റയോൺപുരം | 4 എച്ച്.പി. മോട്ടോർ വെൽഡിംഗ് സെറ്റ് | 200 |
| 40 | 15/683 | ജിനോ ജോയ്, പുതുശ്ശേരി വേങ്ങൂർ | മൊബൈൽ ഫോൺ | 200 |
| 41 | 15/697 | റിജോ ജേക്കബ്, ചെന്നിലത്ത് പുത്തൻപുരയിൽ | മൊബൈൽ റീച്ചാർജ്ജ് | 500 |
| 42 | 15/725 | ടി.വി.ജോസ് | പി.വി.സി.പൈപ്പ് | 500 |
| 43 | 15/745 | ബിജു രാജപ്പൻ, കൊല്ലംപറമ്പിൽ | തേയില, പലചരക്ക് | 600 |
| 44 | 15/821A1 | ബിന്ദു.പി.പോൾ, കൊച്ചുപുരയ്ക്കൽ | സ്റ്റോക്ക് വില്പന | 250 |
| 45 | 15/821 B4 | ദിനേഷ് കെ.നായർ പടിക്കൽ പുത്തൻ വീട്, മുടക്കുഴ | വാട്ടർ പ്യൂരിഫയർ | 750 |
| 46 | 15/821 B10 | രാജി.എ.ആർ, പുതുശ്ശേരി പുത്തൻപുര, മുതിരയിൽ വീട് | ആയുർവ്വേദ ക്ലിനിക് | 200 |
| 47 | 16/195D BN-68 | ലിബിൻ വർഗ്ഗീസ് മലേക്കുടി | ഹൈഡ്രോളിക്സ് സ്പെയർ | 500 |
| 48 | 16/252 | അനിയൻ അഗസ്റ്റിൻ കാട്ടുക്കൽ, പെരുമ്പാവൂർ | ഇലക്ട്രിക്കൽ വർക്ക്സ് | 100 |
| 49 | 16/295 | ജോയ്.എം.ടി, മഞ്ഞളി പെരുമ്പാവൂർ | ജിപ്സം ബോൾട്ട് ചാനൽ | 1500 |

| | | | | |
|---|---|---|---|---|
| 50 | 16/435C | രവീന്ദ്രൻ നായർ, കാറ്റിൽ മാർക്കറ്റ് റോഡ്, പെരുമ്പാവൂർ | സ്റ്റോർ ആന്റ് സെയിൽ | 500 |
| 51 | 16/854H | എൽദോസ് വർഗ്ഗീസ് കാക്കശ്ശേരി, മറ്റൂർ | ഇലക്ട്രോണിക്സ് സർവ്വീസ് & സെയിൽ | 500 |
| 52 | 16/891 | ടി.കെ.കൊച്ചുബീവി തുരുത്തുമാലി, പെരുമ്പാവൂർ | കൂൾബാർ | 250 |
| 53 | 17/161A | ബോബി ഒ.എസ്, കാരത്ത് അല്ലപ്ര | കമ്പ്യൂട്ടർ ആക്സറീസ് | 175 |
| 54 | 17/303 | സി.എൻ.തങ്കമണി, ഞാളൂപടി ഈഗിൾ ലോഡ്ജ് | ലോഡ്ജ് | 200 |
| 55 | 17/538 | കെ.എസ്.ജാക്സൻ | ഫിനാൻസ് ഓഫീസ് | 1000 |
| 56 | 17/725 | എം.എസ്.സലീം, മൂക്കട | സോമിൽ, തടി | 450 |
| 57 | 17/783A1 | ഹാജിദ കബീർ | വസ്ത്ര വ്യാപാരം | 500 |
| 58 | 17/790 | എൻ.എം.റംല | വസ്ത്ര വ്യാപാരം | 100 |
| 59 | 17/791 B16(3) | ഷിയാസ് എം.എ, മുണ്ടയ്ക്കൽ | സ്റ്റുഡിയോ | 100 |
| 60 | 17/791 B(6)1 | നവാസ് എൻ.എം. നെടുവത്ത് | വസ്ത്രവ്യാപാരം | 150 |
| 61 | 17/792 | സി.ആർ.സെബാസ്റ്റ്യൻ ചുള്ളി | അലോപ്പതി മരുന്ന് മൊത്ത വ്യാപാരം | 100 |
| 62 | 17/920 | പ്രവീണ ശിവരാജ്, നാട്ടുവാണി | ഫോട്ടോ ഫിലിം സ്റ്റുഡിയോ | 100 |
| 63 | 17/939/A1 | അലസ് കെ.അസൈനാർ | വസ്ത്രവ്യാപാരം | 100 |
| 64 | 17/1196 | ഷീന അവറാച്ചൻ | ഓട്ടോ ഇലക്ട്രിക്കൽ വർക്സ് | 500 |
| 65 | 17/1195 | ഷൈല അലി, ചിറക്കക്കുടി | ബാറ്ററി അക്സ്സറീസ് | 400 |
| 66 | 17/1205 | എം.വി.വിജയൻ മേയ്ക്കപ്പാല പി.ഒ | ബാറ്ററി ചാർജ്ജിംഗ് | 160 |
| 67 | 17/1210D | ബി.ഖുറൈഷി മേലേത്ത് | ലോറി ഓണേഴ്സ് ഓഫീസ് | 500 |
| 68 | 17/454 | കെ,കെ.ഷാജഹാൻ, കളചോത്ത്, മുടിയ്ക്കൽ, ഗോൾഡ് പാലസ് | പ്രിന്റിംഗ് മെറ്റീരിയൽസ് | 1500 |
| 69 | 18/204A | ഷാജി.സി.കെ, കളരിക്കൽ, പാലിശ്ശേരീ | കമ്പ്യൂട്ടർ സ്റ്റീക്കർ കട്ടിംഗ് | 200 |
| 70 | 19/18A | വി.എ.എൈൻ, വെള്ളംമേലി, റയോൺപുരം, ആസാദ് | 30 എച്ച്.പി.മോട്ടോർ വിനീർ യൂണിറ്റ് | 360 |
| 71 | 19/83 | റ്റി.എം.സിദ്ദിഖ്, ഇനത്തുമ്മൽ പെരുമ്പാവൂർ | ഹോട്ടൽ | 500 |

| | | | | |
|---|---|---|---|---|
| 72 | 20/17 | പി.കെ.അലിക്ക പുളിയ്ക്കക്കുടി മുടിയ്ക്കൽ | കോസ്മെറ്റിക്സ് | 200 |
| 73 | 20/22 | അൻസാർ എ.ജബ്ബാർ അമ്പാടൻ | അച്ചാർ, ധാന്യങ്ങൾ | 900 |
| 74 | 20/66 | സോഫിയ ഹമീദ്, പുതുക്കാട് പെരുമ്പാവൂർ | സോമിൽ | 425 |
| 75 | 20/20 | സിനാസ്.പി.എ, വട്ടമ്മാക്കുടി | പ്രിന്റിംഗ് | 500 |
| 76 | 21/133B | കെ.എസ്.സലീം, കുന്നത്താൻ | പീലിംഗ് യൂണിറ്റ് | 190 |
| 77 | 21/133C | സഫിയ ബീവി, കുന്നത്താൻ റയോൺപുരം | പ്ലൈവുഡ് | 300 |
| 78 | 21/158D | റ്റി.എ.ഹസ്സൻ, പുത്തിരി, റയോൺപുരം, സുബൈദ ഇൻഡസ്ട്രീസ് | 140 എച്ച്.പി.മോട്ടോർ പീലിംഗ് യൂണിറ്റ് | 1080 |
| 79 | 21/306 | മിസ്രിയ.വി.പേരപ്പറമ്പിൽ റയോൺപുരം | മരം,വിനീർ കോർ വില്പന | 125 |
| 80 | 21/307 | എസ്.എ.സുബൈർ, സ്രാമ്പിക്കൽ, ഒക്കൽ പി.ഒ | സോമിൽ, തടി, ഫർണീച്ചർ | 300 |

നഗരസഭാ പരിധിയിൽ നിയമാനുസൃത ലൈസൻസ് ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് 1994 വകുപ്പ് 532 അനുശാസിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മാത്രമല്ല നഗരസഭയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും നിയമാനുസൃതമായ ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഈ കാര്യത്തിൽ ആരോഗ്യ വിഭാഗം ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 തടി നികുതി ഏർപ്പെടുത്തിയിട്ടില്ല-തനത് വരുമാനത്തിൽ കുറവ്

നഗരസഭ തടി നികുതി ഏർപ്പെടുത്തുന്നത് സംബന്ധിച്ച് മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ടെങ്കിലും ഭരണ സമിതി തടി വ്യവസായികളിൽ നിന്നും നികുതി ഈടാക്കുന്നതിന് തീരുമാനമെടുക്കുന്നതിൽ വിമുഖത കാട്ടുന്നതായി കാണുന്നു.

അനേകം പ്ലൈവുഡ് കമ്പനികൾ പ്രവർത്തിക്കുന്ന പെരുമ്പാവൂർ നഗരം മധ്യകേരളത്തിലെ ഒരു വലിയ തടി വിപണന കേന്ദ്രമാണ് ഇവിടത്തെ ഡി&ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചാലും ഇവിടെ വർഷങ്ങളായി ഒട്ടനവധി തടിമില്ലുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാകും. 1994 ലെ

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 277 പ്രകാരം നഗരപ്രദേശത്തിനുള്ളിലേക്ക് കൊണ്ടുവരുന്ന തടിക്ക് തടിനികുതി ഈടാക്കണമെന്ന് കൗൺസിൽ പ്രമേയം മൂലം തീരുമാനിക്കുന്ന പക്ഷം അങ്ങനെയുള്ള നികുതി ടണ്ണിന് 24 രൂപയിൽ അധികരിക്കാത്ത നിരക്കിൽ കൗൺസിൽ നിശ്ചയിക്കുന്ന രീതിയിൽ ഈടാക്കാവുന്നതാണ് എന്ന് വ്യക്തമാകുന്നു. 278-ാം വകുപ്പിൽ വ്യക്തമായിരിക്കുന്നത് കൗൺസിലിന്റെ അനുമതിയോടു കൂടി സെക്രട്ടറിക്ക് 277-ാം വകുപ്പു പ്രകാരമുള്ള നികുതി പിരിക്കാൻ ഒരു വർഷത്തിൽ കവിയാത്ത കാലത്തേക്ക് കുത്തകയ്ക്ക് കൊടുക്കാവുന്നതാണ് എന്നാണ്.

നിയമം അനുശാസിക്കുന്നതും ലക്ഷക്കണക്കിന് രൂപയുടെ അധിക വരുമാനം കൈവരിക്കാൻ സാധിക്കുന്നതുമായ തടി നികുതി ഏർപ്പെടുത്തി നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിലേക്കായി കൗൺസിലിന്റെ ശ്രദ്ധ ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 2-4 <u>നഗരസഭ വക വെജിറ്റബിൾ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിടങ്ങളുടെ വാടക കുടിശ്ശികയും മുറികളുടെ വാടക എഗ്രിമെന്റ് പുതുക്കാത്തതും സംബന്ധിച്ച്</u>.

നഗരസഭയുടെ വെജിറ്റബിൾ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിൽ ഏതാണ്ട് 182-ഓളം മുറികളുണ്ട്. ഇതിൽ ഏതാണ്ട് 30 മുറികൾ വാടകയ്ക്ക് ആരും ഏറ്റെടുത്തിട്ടില്ല. വാടകയ്ക്ക് പോയിരിക്കുന്ന മുറികളുടെ ഡെപ്പോസിറ്റ് ഇനത്തിൽ 5.50 കോടിയോളം നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ ഏകദേശം 6 ലക്ഷം രൂപയോടടുത്ത് പ്രതിമാസ വാടകയിനത്തിലും നഗരസഭയ്ക്ക് ലഭിക്കുന്നുണ്ട്. പെരുമ്പാവൂർ നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായിരുന്നു വെജിറ്റബിൾ ഷോപ്പിംഗ് കോംപ്ലക്സ്.

എന്നാൽ വെജിറ്റബിൾ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിന്റെ നിലവിലെ അവസ്ഥ വളരെ ശോചനീയമാണ്. പല മുറികളുടെയും വാടക കുടിശിക ഡെപ്പോസിറ്റ് തുകയേക്കാൾ അധികരിക്കുന്ന അവസ്ഥയിലാണ്. കൂടാതെ പല മുറികളുടെയും വാടക എഗ്രിമെന്റ് 2014-15 മുതൽ പുതുക്കിയിട്ടുമില്ല. എഗ്രിമെന്റ് വ്യവസ്ഥകളിൽ വീഴ്ച വരുത്തിയ വാടകക്കാരെ ഒഴിവാക്കി പുനർലേലം ചെയ്താൽ മുറികൾ ആരും വാടകയ്ക്കെടുക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. പെരുമ്പാവൂർ ടൗണിന്റെ

ഹൃദയഭാഗത്ത് നല്ല ഗതാഗത സൗകര്യവുമുള്ള ഭാഗത്താണ് മാർക്കറ്റ് സ്ഥിതി ചെയ്യുന്നതെങ്കില് ടി കെട്ടിടത്തിന്റെ കച്ചവട പ്രാധാന്യം ഇല്ലാതാകുന്ന സ്ഥിതിവിശേഷമാണ് ഇവിടെ നിലനിൽക്കുന്നത്. നിരവധി വാടകക്കാർ മുറികൾ ഒഴിവാകുവാൻ താൽപര്യപ്പെട്ടുകൊണ്ട് ഡെപ്പോസിറ്റ് തുക തിരികെ ചോദിച്ച കൊണ്ടും നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിരിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. വാടകക്കാരുടെ ഡെപ്പോസിറ്റ് തുക മടക്കി നൽകുന്നതിന് പര്യാപ്തമായ സാമ്പത്തിക സ്ഥിതിയല്ല നിലവിൽ നഗരസഭയുടേത്. ഡെപ്പോസിറ്റ് തുക മടക്കി നൽകുന്നത് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നഗരസഭയെ എത്തിക്കുകയും ചെയ്യും.

ഷോപ്പിംഗ് കോംപ്ലക്സ് പണി തീർത്ത ഉടനെ എല്ലാ മുറികളും തന്നെ ഉയർന്ന തുകയ്ക്ക് ലേലത്തിൽ പോയിരുന്നതാണ്. എന്നാൽ പിന്നീട് യാതൊരുവിധ അറ്റകുറ്റപ്പണികളും നടത്തിയിട്ടില്ല. കെട്ടിടത്തിലെ കേടായ ടോയ് ലറ്റ് ബ്ളോക്കുകൾ നന്നാക്കുന്നതിനുള്ള യാതൊരു നടപടിയും നഗരസഭ സ്വീകരിച്ചിട്ടില്ല. പല മുറികളിലേയും സിലിംഗ് ദ്രവിച്ച പോയതായി കാണുന്നു. കോംപ്ലക്സിലെ സ്റ്റെയർകെയ്സിനടുത്തും, കോമ്പൗണ്ടിലും വേസ്റ്റ് കൂട്ടിയിട്ടിരിക്കുന്നു. കോംപ്ലക്സിനു ചുറ്റുമുള്ള അനധികൃത പാർക്കിംഗും, അനധികൃത കച്ചവടങ്ങളും കോംപ്ലക്സിനുള്ളിലെ നിലവിലുള്ള കച്ചവടക്കാരെ ദോഷകരമായി ബാധിച്ചിട്ടുള്ളതായി കാണുന്നു. ഇൗ അപാകതകളെല്ലാം അടിയന്തിരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ നഗരസഭ കൈകൊള്ളേണ്ടതാണ്.

ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിടത്തിന്റെ കച്ചവട പ്രാധാന്യം ഉയർത്തുന്നതിനും ടി കെട്ടിടം നഗരസഭയുടെ പ്രധാന സാമ്പത്തിക സ്രോതസ്സായി മാറ്റുന്നതിനും വേണ്ടിയുള്ള ആഡിറ്റ് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ ലിഫ്റ്റ് (കാപ്സ്യൂൾ ലിഫ്റ്റ് ഉൾപ്പെടെ) നിർമ്മിക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളുക
2. ഷോപ്പിംഗ് കോംപ്ലക്സ് കോമ്പൗണ്ടിനുള്ളിലെ അനധികൃത പാർക്കിംഗ് തടയുന്നതിന് കെട്ടിടത്തിലെ വാടകക്കാർ രൂപീകരിച്ചിട്ടുള്ള അസോസിയേഷനുമായി ചേർന്ന് രാത്രിയും പകലും സെക്യൂരിറ്റിക്കാരെ നിയമിക്കുക.
3. അനധികൃത പാർക്കിംഗും, വേസ്റ്റ് ഇടുന്നത് തടയുന്നതിരുമായി ആവശ്യത്തിന് നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുക

4. ഷോപ്പിംഗ് കോംപ്ലക്സിനോട് ചേർന്ന് നടത്തുന്ന അനധികൃത കച്ചവടങ്ങളും, കൈയ്യേറ്റങ്ങളും അടിയന്തിരമായി നിരോധിക്കുക
5. ഷോപ്പിംഗ് കോംപ്ലക്സിലും ഇടനാഴിയിലും ആവശ്യത്തിന് ലൈറ്റുകൾ സ്ഥാപിക്കുക
6. അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തുക, ദ്രവിച്ച തുടങ്ങിയ സീലിംഗുകൾ ആവശ്യമെങ്കിൽ മാറ്റി (പുതിയത്) സീലിംഗ് സ്ഥാപിക്കുക
7. ടോയ് ലറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗ്യയോഗ്യമാക്കുക
8. പോരായ്മകൾ പരിഹരിച്ചതിനു ശേഷം ഒഴിവുള്ള മുറികൾ ലേലം ചെയ്യുന്നതിന് വ്യപകമായ പ്രചരണം നടത്തുക

# ഭാഗം-3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നഗരസഭ പെൻഷൻ അംശദാനം ഒടുക്കാത്തത്

1996 ലെ കേർള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ്) ചട്ടങ്ങൾ റൂൾ 8 അനുസരിച്ച് ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി അതാത് മാസത്തെ ശമ്പള ബില്ലിനൊപ്പം പിൻവലിച്ച് ധനകാര്യ ഡയറക്ടർക്ക് സെൻട്രൽ ഫണ്ടിൽ ഒടുക്കുന്നതിനായി അയച്ചു കൊടുക്കേണ്ടതാണ്. എന്നാൽ 2015-16 വർഷത്തെ പെൻഷൻ അംശദാനം ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല.

## 3-2 C.L.R workers – ന്റെ അധിക വേതനം നൽകിയത് സംബന്ധിച്ച്.

നഗരസഭയിലെ C.L.R ജീവനക്കാരുടെ വേതനബിൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് | വേതനം നൽകിയതിന്റെ വിവരം | നല്കിയ വേതനം |
|---|---|---|
| പി.പി.സലീം<br>( C.L.R ഡ്രൈവർ) | വൗച്ചർ നം.16/9-15<br>ചെക്ക് നം.097285/4.9.15 | 3600/- |
| പി.പി.സലീം<br>( C.L.R ഡ്രൈവർ) | വൗച്ചർ നം. 88/5-15<br>ചെക്ക് നം.077329/14.5.15 | 1800/- |

മേൽ ജീവനക്കാർ നഗരസഭയിൽ ജോലി ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഹാജർ പുസ്തകത്തിലോ മറ്റു രേഖകളിലോ ടിയാന്റെ പേര് രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് നഗരസഭ തൃപ്തികരമായ വിശദീകരണം നൽകുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ ശ്രീ.പി.പി.സലീം (സി.എൽ.ആർ ഡ്രൈവർ) ന് നൽകിയ 5400/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടക്കേണ്ടതാണ്.

## 3-3 ഒരേ ദിവസം കണ്ടിജന്റ് വർക്കറായും സി.എൽ.ആർ കണ്ടിജന്റ് വർക്കറായും ജോലി ചെയ്ത് കൂടുതൽ നൽകിയ തുക നിരികെ ഈടാക്കേണ്ടതാണ്.

ശ്രീമതി. എം.കെ.ഗീത 2016 ജനുവരി മാസം 29-ാം തീയതി കണ്ടിജന്റ് വർക്കറായും സി.എൽ.ആർ. കണ്ടിജന്റ് വർക്കറായും ജോലി ചെയ്തിട്ടുണ്ട് എന്ന് അറ്റൻഡൻസ് പരിശോധിച്ചതിൽ നിന്ന് വ്യക്തമായിട്ടുണ്ട്.

ശ്രീമതി. എ.ലതിക 2016 ജനുവരി 1-ാം തീയതി കണ്ടിജന്റ് വർക്കറായും C.L.R വർക്കറായും ജോലി ചെയ്തിട്ടുണ്ട്.

സി.എൽ.ആർ കണ്ടിജന്റ് വർക്കറായി ജോലി ചെയ്യാത്ത ദിവസം വാങ്ങിയ 377/- രൂപ (വൗച്ചർ നം.6/2-6) ശ്രീമതി എ.കെ.ഗീതയിൽ നിന്നും ശ്രീമതി. എ.ലതികയിൽ നിന്നും ഈടാക്കേണ്ടതാണ്. (ആകെ 754)

## 3-4 ലേലം ചെയ്ത ബീഫ് സ്റ്റാളുകൾ - വൈദ്യുതി ചാർജ്ജ് നഗരസഭ ഒടുക്കുന്നത് സംബന്ധിച്ച്.

നഗരസഭയുടെ ഉടമസ്ഥയിലുള്ള ബീഫ് സ്റ്റാളുകൾ വിവിധ കച്ചവടക്കാർക്ക് ലേലം ചെയ്തു നൽകിയിട്ടുള്ളതാണ്. എന്നാൽ ലേലം ചെയ്തു നൽകിയ സ്റ്റാളുകളുടെ വൈദ്യുതി ബിൽ നഗരസഭയാണ് നാളിതുവരെ ഒടുക്കിയിട്ടുള്ളത്. വിശദാംശം താഴെ.

.

**<u>09.03.15 മുതൽ 11.05.15 വരെയുള്ള ബിൽ തുക</u>**

| കൺസ്യൂമർ നം/ ലൈസൻസ് | വൈദ്യുതി ബിൽ തുക |
|---|---|
| 14148എം.എം.ഉമ്മർ | 130 |
| 14149 കെ.പി.യൂസഫ് | 126 |
| | 256 |

ചെക്ക് നം.077344/22.05.15

വൗച്ചർ നം.130/5-15 **തുക – 256/-**

**<u>08.07.15 മുതൽ 17.09.15 വരെയുള്ള ബിൽ തുക</u>**

| കൺസ്യൂമർ നം/ ലൈസൻസ് | വൈദ്യുതി ബിൽ തുക |
|---|---|
| 14148എം.എം.ഉമ്മർ | 5748 |
| 14149കെ.പി.യൂസഫ് | 108 |
| | 5856 |

ചെക്ക് നം.105144/30.09.15

വൗച്ചർ നം.137/9-15 **തുക – 5856/-**

**<u>17.09.15 മുതൽ 18.11.15 വരെയുള്ള ബിൽ തുക</u>**

| കൺസ്യൂമർ നം/ ലൈസൻസ് | വൈദ്യുതി ബിൽ തുക |
|---|---|
| 14148എം.എം.ഉമ്മർ | 4035 |
| 14149കെ.പി.യൂസഫ് | 88 |
| | 4123 |

ചെക്ക് നം.1121298/28.11.15

വൗച്ചർ നം.120/11-15 **തുക – 4123/-**

**<u>08.11.15 മുതൽ 16.01.16 വരെയുള്ള ബിൽ തുക</u>**

| കൺസ്യൂമർ നം/ ലൈസൻസ് | വൈദ്യുതി ബിൽ തുക |
|---|---|
| 14148എം.എം.ഉമ്മർ | 6984 |
| 14149കെ.പി.യൂസഫ് | 99 |
| | 7083 |

ചെക്ക് നം.134104/25.01.16

വൗച്ചർ നം.131/1-16 **തുക – 7083/-**

**<u>16.01.16 മുതൽ 16.03.16വരെയുള്ള ബിൽ തുക</u>**

| കൺസ്യൂമർ നം/ ലൈസൻസ് | വൈദ്യുതി ബിൽ തുക |
|---|---|
| 14148എം.എം.ഉമ്മർ | 6170 |
| 14149കെ.പി.യൂസഫ് | 106 |
| | 6276 |

ചെക്ക് നം.142651/28.03.16

വൗച്ചർ നം.135/3-16 **തുക – 6276/-**

ബീഫ് സ്റ്റാളുകൾ 16.4.2014 ൽ പച്ചമീൻ സ്റ്റാളുകൾക്ക് ലേലത്തിൽ നൽകിയതായി 4.1.2017 ലെ R4(A4)-7427/11-ാം നമ്പർ കത്തിൽ അറിയിച്ചിട്ടുണ്ട്.

ബൈലോ പ്രകാരം മുറികൾക്ക് ഇലക്ട്രിസിറ്റി കണക്ഷൻ എടുക്കേണ്ടത് മുറി ലേലത്തിന് എടുത്ത ലൈസൻസി ആണ്. ലേലം കൊണ്ട വ്യക്തികൾ സ്വന്തം പേരിൽ ഇലക്ട്രിസിറ്റി കണക്ഷൻ എടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല. നഗരസഭാഫണ്ടിൽ നിന്ന് അടവു വരുത്തിയ തൻ വർഷത്തെ മേൽ സൂചിപ്പിച്ച കൺസ്യൂമർ നമ്പറുകളുടെ വൈദ്യുതി ബിൽ തുകയായ 23594/- രൂപ സ്റ്റാളുകൾ ലേലം കൊണ്ട വ്യക്തികളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ അടക്കേണ്ടതാണ്.

# 3-5 <u>നാഗഞ്ചേരി മന & പാർക്ക്</u>

ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ധനസഹായത്തോടെ നവീകരിച്ച പെരുമ്പാവൂർ നഗരസഭ വക ഇരിങ്ങോൾ നാഗഞ്ചേരി മനയുടേയും പാർക്കിന്റേയും നടത്തിപ്പിനുള്ള കുത്തകാവകാശം ലേലം കൊണ്ട ശ്രീ. ജോബി. എെസക്, മേനോത്ത്മാലിൽ വീട്, അശമണ്ണൂർ എന്നയാൾ 2,50,000 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റിന്മേലും കിസ്റ്റ് തുകയിൽ പ്രതിവർഷം 10% വർദ്ധനവോടെ 200000 രൂപ വാർഷിക കിസ്റ്റിലും 5 വർഷത്തേയ്ക്ക് നൽകിയിട്ടുണ്ട്. ഡെപ്പോസിറ്റ് ഇനത്തിൽ 83,333/- രൂപയും കിസ്റ്റ് ഇനത്തിൽ 66,667/- രൂപയും 3.10.2015 തീയതിയിലും ഇ.എം.ഡി. ഇനത്തിൽ 10,000/- രൂപ 1.10.2015 തീയതിയിലും നഗരസഭയിൽ അടച്ചിട്ടുള്ളതും ടി ലേലം 5.10.2015 ലെ 8-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഇരിങ്ങോൾ നാഗഞ്ചേരി മനയും പാർക്കും 1.11.2015 മുതൽ 5

വർഷത്തേയ്ക്ക് വാർഷിക ഫീസ് വ്യവസ്ഥയിൽ ഏറ്റെടുത്ത് നടത്തുന്നതിന് ശ്രീ.ജോബി എം.സെക്കിന് അനുവദിച്ചിട്ടുണ്ട്. ലേല ഉടമ്പടിയുടെ 10% സർവ്വീസ് ടാക്സും അടവാക്കേണ്ടതാണ്. (നഗരസഭാ സെക്രട്ടറിയുടെ 9.10.2015 ലെ ആർ4-12037/15 -ാം നമ്പർ ഉത്തരവ്) പാർക്കിനകത്ത് നഗരസഭയുടെ അനുമതിയോടെ കരാറുകാരൻ സ്വന്തം നിലയിൽ സ്ഥാപിക്കുന്ന വിനോദോപാധികളും/ഉപകരണങ്ങളും, മറ്റ് സൗകര്യങ്ങളും ഉപയോഗിക്കുന്നതിന് സന്ദർശകരിൽ നിന്നും മിതമായ നിരക്കിൽ പ്രത്യേക ഫീസ് നിശ്ചയിച്ച് ഈടാക്കുന്നതിന് ലൈസൻസി മുനിസിപ്പാലിറ്റിയുടെ മുൻകൂർ അനുമതി തേടിയിരിക്കേണ്ടതാണ്. മേൽപ്പടി ഫീസിന് നഗരസഭ നിശ്ചയിക്കുന്ന വിനോദ നികുതി അടക്കുന്നതിന് കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. പൊതു പ്രവേശന ഫീസ് മുതിർന്നവർക്ക് 20/- രൂപയും കുട്ടികൾക്ക് 10/- രൂപയും ആയിരിക്കുന്നതാണ്.

നാളിതുവരെ 500x10 = 5000

500x20 = 10000

രൂപയ്ക്ക് ടിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. വിനോദ നികുതിയിനത്തിൽ ടിക്കറ്റ് ചാർജ്ജിന്റെ 24% തുക ഈടാക്കുന്നതിന് 23.03.2016 ലെ 3-ാം നമ്പർ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. നാളിതുവരെ 720/- രൂപ മാത്രമാണ് ഈയിനത്തിൽ വരവ് വന്നത്. ലേലവ്യവസ്ഥ 24 പ്രകാരം പാർക്കിനും പാർക്കിനകത്ത് പ്രവർത്തിക്കുന്ന ഭക്ഷണശാലകൾ അടക്കമുള്ള സ്ഥാപനങ്ങൾക്കും ഡി&ഒ ലൈസൻസ് എടുക്കുവാൻ ലൈസൻസി ബാധ്യസ്ഥനായിരിക്കും. എന്നാർ പാർക്കിനകത്ത് ഭക്ഷണശാല പ്രവർത്തിപ്പിക്കുന്നതിന് ടിയാൻ നാളിതുവരെ ഡി & ഒ ലൈസൻസ് എടുത്തിട്ടില്ലാത്തതാണ്.

ടൂറിസം പ്രമോഷൻ കൗൺസിലിന്റെ പദ്ധതിയിൽ ഇരിങ്ങോൾ മനയോട് ചേർന്ന് നവീകരിച്ച് പാർക്കിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ലഭിക്കുന്ന വരുമാനത്തിന്റെ 50% തുക ഡി.റ്റി.പി.സി. ക്ക് മാസം തോറും കൈമാറണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ, എറണാകുളത്തിൽ നിന്നും 31.07.2015 ലെ 557/12/DTPC/EKM നമ്പരായി കത്ത് ലഭിച്ചിട്ടുള്ളതാണ്.

21.08.2015 ലെ 1-ാം നമ്പർ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഡി.റ്റി.പി.സി.ക്ക് വരുമാനത്തിന്റെ 25% കൈമാറുന്നതിന് തീരുമാനമായിട്ടുണ്ട്. ഡി.റ്റി.പി.സി. ക്ക് യാതൊരു തുകയും നാളിതുവരെ കൈമാറിയിട്ടുല്ലാത്തതുമാണ്.

## 3-6 ആശ്രയ - പദ്ധതിപ്പണം ചിലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത്

2015-16 വർഷം സി.ഡി.എസ്. പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ ആശ്രയ പദ്ധതിക്കു വേണ്ടി താഴെ പറയും പ്രകാരം തുക പിൻവലിച്ചിട്ടുണ്ട്.

ബിൽ നം - 63/15-16/തീയതി 27.12.2016 – 600000 രൂപ. ടി തുക 17.03.2016 ൽ ആശ്രയയുടെ TSB അക്കൗണ്ട് നം.1952 ൽ നിക്ഷേപിച്ചിട്ടുണ്ട്.

മേൽ തുക നാളിതുവരെ ചിലവഴിച്ചിട്ടില്ല. പദ്ധതിപ്പണം ചിലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ആശാസ്യമല്ല. ജി.ഒ.(എം.എസ്) 362/2013 തസ്വഭവ 16.11.2013 പ്രകാരം ആശ്രയ പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടത്തിന് ഒരു സമിതി രൂപീകരിക്കേണ്ടതും രണ്ടു മാസത്തിലൊരിക്കൽ നഗരസഭാ സമിതി നിർബന്ധമായും ആശ്രയ പദ്ധതി നടത്തിപ്പ് വിലയിരുത്തേണ്ടതുമാണ്. നഗരസഭയിൽ പദ്ധതിയുടെ മോണിട്ടറിംഗ് ഫലപ്രദമല്ല.

## 3-7 മുൻകൂർ ക്രമീകരിക്കാത്തത്

നഗരസഭയിൽ 2015-16 വർഷം നൽകിയ അഡ്വാൻസ് തുകകൾ ക്രമീകരിക്കാത്തതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

.

| നം | കക്ഷിയുടെ പേര് ഫയൽ നം. | അഡ്വാൻസ് നൽകിയ തീയതി | അഡ്വാൻസ് നൽകിയത് | തുക |
|---|---|---|---|---|
| 1 | ഹസ്സൻ ബഷീർ അസി. എഞ്ചിനീയർ PW3-9683/14 | 25.04.2007 | അംഗൻവാടി, ബഡ്സ് സ്കൂൾ, ഹോമിയോ ആശുപത്രി, ഉദ്ഘാടനം/വൗച്ചർ-91/8-14 | 50000 |

ജി.ഒ.(പി) 419/2011 ധനം 4.10.2011 ഉത്തരവുപ്രകാരം അഡ്വാൻസുകൾ, താൽകാലിക അഡ്വാൻസുകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടും പൂർണ്ണമായി വിനിയോഗിക്കാത്ത അഡ്വാൻസ് തുകയ്ക്ക് ഒരു വർഷത്തേയ്ക്ക് 18% നിരക്കിൽ പലിശ ഈടാക്കണം. നിശ്ചിത സമയ പരിധിക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ

സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും അടിയന്തിരമായി തിരിച്ചു പിടിക്കണം. ഇങ്ങനെ തിരിച്ചു പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഇൗടാക്കേണ്ടതാണ്. മുൻകൂർ കൈപ്പറ്റിയിട്ട് യഥാസമയം ക്രമീകരിക്കാത്ത ജീവനക്കാർക്ക് വീണ്ടും മുൻകൂറുകൾ അനുവദിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 3-8 ഖരമാലിന്യ സംസ്ക്കരണം സംബന്ധിച്ച്

പെരുമ്പാവൂർ നഗരസഭയിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് നഗരസഭ പരിധിയിൽ 1.56 ഏക്കർ വിസ്തീർണം വരുന്ന ഭൂമി 16,47,039 രൂപ ചെലവഴിച്ച് 2005 ൽ വാങ്ങിയിട്ടുണ്ട്. 16,88,467/- രൂപ ചെലവഴിച്ച് ചുറ്റുമതിലും നിർമ്മിച്ചു. എന്നാൽ പ്ലാന്റ് പരിസരവാസികളുടെ എതിർപ്പു മൂലവും OP No.3/2008 കേസിൽ ബഹു. ഓംബുഡ്സ്മാന്റെ വിധിയുടെയും ശുചിത്വ മിഷന്റെ ശുപാർശയുടേയും അടിസ്ഥാനത്തിൽ പെരുമ്പാവൂർ നഗരസഭയിൽ 3.31 ഏക്കർ വിസ്തീർണ്ണം വരുന്ന ഭൂമിയാണ് പ്ലാന്റിന് ആവശ്യമായിട്ടുള്ളത്, എന്നതിനാലും സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. ഖരമാലിന്യ സംസ്കരണത്തിനായി ശുചിത്വ മിഷനിൽ നിന്നും 13.11.2007 ലെ ജി.ഒ (ആർ.ഡി)3071/01 ഉത്തരവു പ്രകാരം നഗരസഭയ്ക്ക് 30.26 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിരുന്നു. പ്ലാന്റ് സ്ഥാപിക്കാൻ സാധിക്കാത്തതിനാൽ ടി തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് ശ്രമിച്ചുവെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല.

ശുചിത്വമിഷനിൽ നിന്നു ലഭിച്ചതും 2008 മാർച്ച് 31 മുതൽ എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ സ്ഥിര നിക്ഷേപമായി സൂക്ഷിച്ചിരുന്നതുമായ തുക പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ നഗരസഭയുടെ 18.04.2016 ലെ 12-ാം നമ്പർ തീരുമാനപ്രകാരം തിരിച്ചടയ്ക്കാൻ തീരുമാനിച്ചു. തുക തിരിച്ചടച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

നഗരസഭയിലെ ഖരമാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായ രീതിയിൽ സംസ്കരിച്ച് ജൈവവളമാക്കി മാറ്റുന്നതിന് ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയാണിത്.

കേന്ദ്രീകൃത സംസ്കരണശാലയുടെ അഭാവത്തിൽ ഗാർഹിക മാലിന്യങ്ങൾ സംസ്കരിക്കുന്നത് പൈപ്പ് കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് മുതലായ സംവിധാനങ്ങൾ സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതി നഗരസഭയിൽ നടപ്പാക്കി വരുന്നു. 135 ബയോഗ്യാസ് പ്ലാന്റുകളും 1500 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകളും വിതരണം ചെയ്ത് ഉറവിട മാലിന്യ സംസ്കരണ പദ്ധതി നഗരസഭ നടപ്പിലാക്കി

വരുന്നുണ്ട്. എങ്കിലും വേണ്ടത്ര വിജയിച്ചിട്ടില്ല. പൊതു സ്ഥലങ്ങളിൽ എത്തിച്ചേരുന്നതും ദിവസേന ശുചീകരണ തൊഴിലാളികൾ നഗരം വൃത്തിയാക്കി ശേഖരിക്കുന്നതുമായ മാലിന്യ സംസ്കരിക്കുന്നതിന് നിലവിൽ കൃത്യമായ സംവിധാനങ്ങളില്ല. ലാന്റ് ഫില്ലിംഗിലൂടെയാണ് നഗരസഭ ഇപ്പോൾ പ്രസ്തുത മാലിന്യം സംസ്കരിച്ച് വരുന്നത്. അത് മാലിന്യ സംസ്കരണത്തിനുള്ള ശാശ്വത പരിഹാരമല്ല.

ഒരു പ്രോജക്ട് നടപ്പാക്കുന്നതിനായി അനുവദിച്ചിരുന്ന തുക ടി. പ്രോജക്ടിന് മാത്രമേ ചെലവഴിക്കാൻ സാധിക്കുകയുള്ളൂവെന്നും പ്രോജക്ട് നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ അനുവദിച്ച തുക നാളിതുവരെ ആർജ്ജിച്ച പലിശ സഹിതം ശുചിത്വമിഷനിൽ തിരിച്ചടക്കണമെന്നും അതിനു ശേഷം വികേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി സമർപ്പിച്ച് സാങ്കേതിക അനുമതിയും ആയതിനുള്ള സാമ്പത്തിക സഹായവും ലഭ്യമാക്കാവുന്നതാണെന്നും ശുചിത്വമിഷൻ അറിയിച്ചു.

പെരുമ്പാവൂർ നഗരസഭാ പരിധിയിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ കൊച്ചി നഗരസഭയുടെ ബ്രഹ്മപുരം പ്ലാന്റിൽ കൊണ്ടുപോയി സംസ്കരിക്കുന്നതിനാണ് 08.08.2014 ലെ 9-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം 9.6 ടൺ ശേഷിയുള്ള LPK 909 Ex Tipper Chassis ലോറി 930000രൂപയ്ക്ക് വാങ്ങിയത്.

ബ്രഹ്മപുരം പ്ലാന്റിന്റെ മാലിന്യ സംസ്കരണ ശേഷി കൂട്ടുന്ന സമയത്ത് മാത്രമാണ് സമീപ പ്രദേശങ്ങളിലെ നഗരസഭയിലെ മാലിന്യങ്ങൾ കൂടി സംസ്കരിക്കുന്നതിന് സാധിക്കുകയുള്ളൂവെന്നും കൊച്ചി നഗരസഭയിൽ നിന്ന് അറിയിച്ചിട്ടുണ്ട്. മാലിന്യസംസ്കരണ ക്ലീൻ കേരള പദ്ധതിയുടെ ഭാഗമായി നഗരസഭ പ്ലദേശത്തുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾ 4 ഡി.ഡബ്ളിയു.ഡി.യു.എ. ഗ്രൂപ്പുകൾ ചേർന്ന് ഒരു ഗ്രൂപ്പിന് 125000 രൂപ വീതം എസ്.ജെ.എസ്.ആർ.വൈ സബ്സിഡിയായും 5% ഗുണഭോക്തൃ വിഹിതവും ബാക്കി ബാങ്ക് ലോണും ഉൾപ്പെടെ 250000 രൂപ വീതം സമാഹരിച്ച് 4 ടിപ്പർ ഒട്ടോകൾ ചവർ ശേഖരിക്കുവാൻ വാങ്ങി. ഓരോ വണ്ടിക്കും 199100/- രൂപ വീതം ചെലവു വന്നു. വാഹന വിതരണ ഉദ്ഘാടനം 21.02.2006 ൽ നടന്നു. പിറ്റേന്നു മുതൽ പ്രസ്തുത വാഹനം ഉപയോഗിച്ച് ചപ്പു ചവറുകൾ നീക്കം ചെയ്യാനും തുടങ്ങി. എന്നാൽ ഏതാണ്ട് 7 മാസങ്ങൾക്ക് ശേഷം 17.10.2006 ൽ നഗരസഭയ്ക്ക് മാലിന്യം നിക്ഷേപിക്കുവാൻ സംവിധാനം ഇല്ല എന്ന കാരണത്താൽ സി.ഡി.എസ്. പ്രോജക്ട് ഓഫീസർ ഇനി മാലിന്യങ്ങൾ ശേഖരിക്കേണ്ടതില്ല എന്ന് അറിയിപ്പു നൽകി. പ്രസ്തുത

ഒട്ടോറിക്ഷകൾ ഇപ്പോൾ പ്രവർത്തനരഹിതമാണ്. പ്രസ്തുത ഓട്ടോറീക്ഷകൾ ഇപ്പോൾ നഗരസഭയുടെ നിഷ്ക്രിയ ആസ്തികളാണ്. മേൽ വിഷയം സംബന്ധിച്ച് ഭരണ സമിതി വിശദമായ അന്വേഷണം നടത്തേണ്ടതും അനുയോജ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-9 പി.എഫ് വിഹിതം യഥാസമയം അടയ്ക്കാത്തത് സംബന്ധിച്ച്.

നഗരസഭയിലെ (റഗുലർ കണ്ടിജന്റ്) ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് പി.എഫ്. വരിസംഖ്യ റിക്കവറി ചെയ്ത തുകയും ഡി.എ. കുടിശ്ശിക ലോൺ തിരിച്ചടവ് എന്നീ ഇനത്തിലായി 296978/- രൂപ പ്രോവിഡന്റ് ഫണ്ട് ഓഫീസർ, നഗരകാര്യ ഡയറക്ടറേറ്റ്, ഫസ്റ്റ് ഫ്ളോർ, സ്വരാജ് ഭവൻ, നന്ദൻകോട്, തിരുവനന്തപുരം എന്ന പേരിൽ അടച്ചിട്ടുണ്ട്.

ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്ന് ഈടാക്കുന്ന പി.എഫ് വിഹിതം അതാത് മാസം 15-ാം തീയതിയ്ക്കകം സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം 8% പിഴപലിശയടക്കം ഒടുക്കേണ്ടതാണ് എന്ന് (നഗരകാര്യ ഡയറക്ടറുടെ 02/12/15 പി.എഫ്.2-09/10 നടപടിക്രമം) ത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

1/15 മുതൽ 10/15 വരെയുള്ള മാസങ്ങളിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തിയ പ്രോവിഡന്റ് ഫണ്ട് പ്രതിമാസ വിഹിതം യഥാസമയം സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ ഒടുക്കു വരുത്താത്തതിനാൽ 8% പലിശയിനത്തിൽ 11269/- രൂപയും മുൻകുടിശ്ശിക 10/2007 മുതൽ 12/2014 വരെ 56359 രൂപയും ഒടുക്കേണ്ടതാണ് എന്ന് പ്രോഡിഡന്റ് ഫണ്ട് ഓഫീസർ അറിയിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലമല്ല പി.എഫ് തുക യഥാസമയം ഒടുക്കാത്തത് എന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. ജീവനക്കാരുടെ പി.എഫ്. വിഹിതം ഒടുക്കുന്നതിനുള്ള തുകകൾ മുനിസിപ്പൽ അക്കൗണ്ടിൽ ഉണ്ടായിരുന്നിട്ടു പോലും യഥാസമയം പി.എഫ് വിഹിതം ഒടുക്കുന്നതിൽ കാലതാമസം വന്നത് ഉത്തരവാദപ്പെട്ട ജീവനക്കാരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ആയതിനാൽ പലിശയിനത്തിൽ ഒടുക്കുമ്പോൾ ആവശ്യപ്പെട്ടിട്ടുള്ള തുകകൾ വീഴ്ച വരുത്തിയ ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്. ജീവനക്കാരുടെ 6/15 ലെ പി.എഫ്.വിഹിതം (ഡി.ഡി) അയച്ചു കൊടുക്കുന്നതിന് കാലതാമസം വരാൻ കാരണം റിട്ടയർ ചെയ്ത കണ്ടിജന്റ് തൊഴിലാളിയായ കെ.രാജന്റെ പി.എഫ്.വിഹിതം കൂടി തെറ്റായി ഉൾപ്പെടുത്തിയതാണ് എന്ന്

കുറിപ്പിൽ പറയുന്നുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-10 തിയറ്ററുകളിൽ നിന്നും വിനോദ നികുതി-സെസ് പിരിവ് - സംബന്ധിച്ച്- ടിക്കറ്റിന്മേൽ സെസ് ഈടാക്കി അടയ്ക്കുന്നത് സംബന്ധിച്ച്.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 28.11.2015 ലെ സർക്കുലർ നം.327240/RC2/2015/LSGD പ്രകാരം നഗരസഭ സിനിമാ ടിക്കറ്റ് സീൽ ചെയ്ത് നൽകുമ്പോൾ തന്നെ വിനോദ നികുതിയോടൊപ്പം സെസും മുൻകൂറായി കളക്ട് ചെയ്യേണ്ടതും പ്രസ്തുത തുക സെക്രട്ടറി കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമ നിധിയുടെ SBT യിലുള്ള അക്കൗണ്ട് നം. 67209773080 ലേക്ക് അടയ്ക്കേണ്ടതാണ്. എന്നാൽ നഗരസഭയുടെ പരിധിയിലുള്ള അനിഷ, ആശിഷ്, ഇ.വി.എം. സ്റ്റുഡിയോ I,II,III,IV എന്നീ തിയറ്ററുകളിൽ നിന്നും 2015-16 വർഷം സെസ് കളക്ട് ചെയ്തിട്ടില്ല. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി നഗരസഭയുടെ പരിധിയിൽ ഉൾപ്പെട്ട മേൽപ്രദിപ്പാദിച്ചതും അല്ലാത്തതുമായ തീയേറ്ററുകളിൽ നിന്നും വിനോദ നികുതിയോടോപ്പം സെസും മുൻകൂറായി കളക്ട് ചെയ്യേണ്ടതും തുക കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയുടെ നിശ്ചിത അക്കൗണ്ടിലേക്ക് അടവു വരുത്തേണ്ടതുമാണ്.

## 3-11 തെരുവു വിളക്കുകളുടെ പരിപാലനം അപാകതകൾ

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 15.09.2011 ലെ 3055/ഡി.എ.3/2011-ാം നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അവരുടെ പരിധിയിലുള്ള തെരുവു വിളക്കുകളുടെ റിപ്പയറിംഗും മെയിന്റനൻസും സംബന്ധിച്ച പ്രവൃത്തികൾ ടെൻഡറിംഗ് സംവിധാനം വഴി ആന്വൽ മെയിന്റനൻസ് കോൺട്രാക്ടിലൂടെ ഏജൻസികൾക്ക് നല്കാവുന്നതാണ്. ടി പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന സാമഗ്രികൾ ഐ.എസ്.ഐ. നിലവാരത്തിലുള്ളതും ഇവയുടെ നിരക്ക് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ നിരക്കിനേക്കാൾ അധികരിക്കാൻ പാടില്ലാത്തതുമാകുന്നു. മുനിസിപ്പാലിറ്റിയുടെ തെരുവു വിളക്കുകളുടെ 1 വർഷത്തെ പരിപാലനത്തിന് ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ടെൻഡർ നോട്ടീസ് നം.W1-11461/2015 തീ.8.9.2015.

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സ്ഥാപിച്ച ഇലക്ട്രിക് പോസ്റ്റുകളിലെ തെരുവു വിളക്കുകളുടേയും അല്ലാതെയുള്ള തെരുവു വിളക്കുകളുടെയും പരിപാലനത്തിനായി അംഗീകൃത കരാറുകാർക്ക് മാത്രം അന്വൽമെയിന്റനൻസ് കോൺട്രാക്ട് നൽകുകയും ഇവയുടെ കറണ്ട് ചാർജ്ജ് സംയുക്തമായോ കരാറിലെ വ്യവസ്ഥകൾക്ക് അടിസ്ഥാനത്തിലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ മേൽ സൂചിപ്പിച്ച സർക്കുലർ പ്രകാരം കരാറുകാരൻ തെരുവു വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്ന ഏജൻസിയിൽ പ്രവർത്തിച്ചതിന്റെയോ, സമാന ജോലികളിൽ മുൻപരിചയമുള്ളതിന്റെയോ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് എന്നു പറയുന്നുണ്ട്. എന്നാൽ നഗരസഭയിലെ കരാറുകാരൻ ശ്രീ. കെ.വി.യാക്കുബ് ഇത്തരത്തിലുള്ള യാതൊരു സർട്ടിഫിക്കറ്റുകളും ഹാജരാക്കിയിക്കിയിട്ടില്ല.

കരാർ ലഭിക്കുന്നയാൾ ആകെ കരാർ തുകയുടെ പത്തു ശതമാനം സെക്യൂരിറ്റി ഡിപ്പോസിറ്റ് ആയി നൽകേണ്ടതാണ്. എന്നാൽ നഗരസഭയിൽ 5% തുകയാണ് സെക്യൂരിറ്റി തുകയായി വാങ്ങുന്നത്.

തെരുവു വിളക്കുകളുടെ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ലഭ്യമാക്കുന്ന പദ്ധതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയോ, കെ.എസ്.ഇ.ബി. യുടെയോ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതുമാണ്. കരാറുകാരൻ എല്ലാ ദിവസവും പരാതി രജിസ്റ്റർ പരിശോധിക്കേണ്ടതും കരാർ വ്യവസ്ഥകൾക്കനുസൃതമായി പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ച വിവരണങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.എന്നാൽ നഗരസഭയിൽ ഇപ്രകാരം ഒരു രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ റിപ്പയർ ചെയ്ത തെരുവു വിളക്കുകളുടെ യഥാർത്ഥത്തിലുള്ള എണ്ണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

എ.എം.സി. കരാറിലെ വ്യവസ്ഥകൾക്കനുസൃതമായി സ്ഥാപിക്കപ്പെടുന്ന എല്ലാ സംഗതികളും പ്രവർത്തന നിരതമാണോയെന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധികാരികളും കരാറുകാരനും ഉറപ്പു വരുത്തേണ്ടതും ഇതു സംബന്ധിച്ച് സ്ഥാപനത്തിന്റെയും കെ.എസ്.ഇ.ബി. യുടെയും ബന്ധപ്പെട്ട അധികാരികളും കരാറുകാരനും കരാറിന്റെ പ്രാരംഭഘട്ടം മുതൽ സംയുക്ത

പരിശോധന നടത്തേണ്ടതുമാണ്. ഇവിടെ അപ്രകാരം ഒരു തുടർ മോണിട്ടറിംഗ് നടത്തുന്നില്ല എന്ന് ഫയൽ പരിശോധിച്ചതിൽ നിന്ന് വ്യക്തമായിട്ടുണ്ട്.

തെരുവ് വിളക്ക് പരിപാലനം കുറ്റമറ്റതാക്കാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

## 3-12 മൃഗാശുപത്രി പ്രോജക്ട്

**തെരുവു നായ്ക്കളുടെ എ.ബി.സി. പദ്ധതി**

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കിയ തെരുവു നായ്ക്കളുടെ എബിസി പദ്ധതി പെരുമ്പാവൂർ നഗരസഭയിൽ വളരെ ഭംഗിയായി നടപ്പിലാക്കിയിട്ടുണ്ട്. 2016 ഫെബ്രുവരി മാസത്തിൽ 43 നായ്ക്കളെയും 2016 മാർച്ച് മാസത്തിൽ 40 നായ്ക്കളെയും വന്ധ്യംകരണം നടത്തിയിട്ടുണ്ട്. അങ്ങനെ 2015-16 വർഷം മൊത്തം 83 നായ്ക്കളെ വന്ധ്യംകരണം നടത്തിയിട്ടുണ്ട്. ഈ നഗരസഭയിൽ പേ വിഷബാധ മൂലം ആർക്കും തന്നെ അപകടം സംഭവിച്ചിട്ടില്ല എന്ന വസ്തുത എ.ബി.സി. പ്രൊജക്ടിന്റെ വിജയമായി കണക്കാക്കാവുന്നതാണ്.

## 3-13 ഓപ്പറേഷൻ തിയേറ്ററിലേക്ക് ഉപകരണങ്ങൾ വാങ്ങാൻ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല.

വെറ്ററിനറി സർജന്റെ പ്രോജക്ട് നം.50147/2016 പ്രകാരം എ.ബി.സി. പ്രോഗ്രാമിലേക്ക് തിയേറ്ററിലെ ഓപ്പറേഷൻ ഉപകരണങ്ങൾ വാങ്ങിയ വകയിൽ surghem എന്ന സ്ഥാപനത്തിന് ബിൽ പ്രകാരം നൽകേണ്ട തുക 292456/- രൂപയായിരുന്നു. ഇതിൽ 10% കുറവു വരുത്താൻ സമ്മതിച്ചിട്ടുള്ളതാണ്. അതായത് 292456/- രൂപയുടെ 10% കുറവു ചെയ്ത് 263210/- രൂപ കമ്പനിക്ക് നൽകേണ്ടതാണ്. കൂടാതെ ഈ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കേണ്ടതാണെന്ന് സപ്ലൈ ഓർഡറിൽ പറഞ്ഞിട്ടുകകതാണ്. 263210/- രൂപയുടെ 5% (263210*5%) 13161/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കേണ്ടതാണ്. കമ്പനിക്ക് നൽകേണ്ട 263210/- രൂപയിൽ 263000/- രൂപ നഗരസഭ നൽകിയിട്ടുണ്ട്. 210/- രൂപ നൽകാനുള്ളത് കുറച്ച് 12951/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി

കമ്പനി അടക്കേണ്ടതായിരുന്നു. എന്നാൽ ഈ തുക കമ്പനി അടച്ചിട്ടില്ല. മേലിൽ ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 നെൽകൃഷി പ്രൊഡക്ഷൻ ബോണസ് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. 6800/- രൂപ തടസ്സപ്പെടുത്തുന്നു.

നെൽകൃഷി പ്രൊഡക്ഷൻ ബോണസ് തുക 6800/- രൂപ ബി.ഫണ്ടിൽ നിന്നും ബിൽ നം.1/2015-16 തീ. 28.11.2015 പ്രകാരം പിൻവലിച്ച് അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസറുടെ പേരിലുള്ള ഫെഡറൽ ബാങ്ക്, പെരുമ്പാവൂർ ശാഖ അക്കൗണ്ട് നമ്പർ 17430100011071 ൽ 05.03.2016 ൽ ക്രെഡിറ്റ് ചെയ്തു. ടി തുക 14.06.2016 ന് ചുവടെ ചേർക്കുന്ന കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ബോണസ് തുക | അക്കൗണ്ട് നമ്പർ |
|---|---|---|---|
| 1 | ഷമീർ പി.എ, പുതുക്കാടൻ | 2640 | 006901000023885 IOB,പെരുമ്പാവൂർ |
| 2 | എൽദോ എം.ടി, മുക്കനംചേരി | 640 | 006901000007593 IOB,പെരുമ്പാവൂർ |
| 3 | ഔസേഫ് ചാക്കോ, തൊട്ടുങ്ങ | 360 | 337902010033263 UBI,പെരുമ്പാവൂർ |
| 4 | ഷെബീർ കെ.എ, കോട്ടയിൽക്കുടി | 280 | 01560070891019000 CSB,പെരുമ്പാവൂർ |
| 5 | പാത്തുമ്മ മുഹമ്മദ്, പുതുക്കാടൻ | 1080 | 015603362236190 CSB,പെരുമ്പാവൂർ |
| 6 | സുധീർ, കാഞ്ഞിരക്കാട് കർഷകസംഘം | 1800 | 17430100010800 ഫെഡറൽ ബാങ്ക്,പെരുമ്പാവൂർ |
| | ആകെ തുക | 6800 | |

മേൽ വ്യക്തികൾ 2015-16 വർഷം ബോണസ് തുക ലഭിക്കുന്നതിന നൽകിയ അപേക്ഷ കരം അടച്ച രസീത്, എ.എഫ്.ഒ.യുടെ അന്വേഷണറിപ്പോർട്ട് എന്നിവയൊന്നും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. 2014-15 വർഷം ഇതേ വ്യക്തികൾക്ക് തന്നെ ആനുകൂല്യം നൽകിയത് സംബന്ധിച്ച രേഖകൾ അടങ്ങിയ ഫയൽ ആണ് ഓഡിറ്റിൽ ഹാജരാക്കിയത്. രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് 16/2015-16 തീ. 08.12.06 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹജരാക്കാത്തതിനാൽ നെൽകൃഷി പ്രൊഡക്ഷൻ ബോണസ് ഇനത്തിൽ നൽകിയ 6800 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-15 ജാതി കൃഷിക്ക് വളം സബ്സിഡി - നിർവ്വഹണത്തിലെ അപാകതകൾ

അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പ്രൊജക്ട് നം S0028/16 പ്രകാരം നഗരസഭാ പരിധിയിലുള്ള 33 ഗുണഭോക്താക്കൾക്ക് ജാതിക്യഷിക്കായി വളം സബ്സിഡി ഇനത്തിൽ 73000/- രൂപ നൽകി. പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 73000/- രൂപയും ഗുണഭോക്തൃ വിഹിതം 24350/- രൂപയും ചേർന്ന് 97350/- രൂപയായിരുന്ന പദ്ധതി അടങ്കൽ. പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**(1) ഗുണഭോക്തൃ വിഹിതം ഈടാക്കിയില്ല.**

ജി.ഒ.(എം.എസ്) 362/2013/തസ്വഭവ തീ. 16.11.2013പ്രകാരം ജൈവവളത്തിന്റെ സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 75 ശതമാനവും ഗുണഭോക്തൃ വിഹിതം 25 ശതമാനവും ആണ്. 97350/- രൂപ അടങ്കൽ വരുന്ന പ്രൊജക്ടിന് ഡി.പി.സി. അംഗീകാരം ലഭിച്ചിരിക്കുന്നതും 75% തുകയായ 73000/- രൂപ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും വകയിരുത്തിയും 25% തുകയായ 24350/- രൂപ ഗുണഭോക്തൃ വിഹിതം വകയിരുത്തിയും ആണ്.

എന്നാൽ ഗുണഭോക്തൃ വിഹിതം ഈടാക്കാതെ ഗുണഭോക്താക്കൾ ഹാജരാക്കിയ ബില്ലിലെ തുകയുടെ 75% തുകയാണ് സബ്സിഡി ആയി നല്കിയത്. ഇത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

**(2) ഷെഡ്യൂൾഡ് ബാങ്ക് അക്കൗണ്ട് മുഖേന സബ്സിഡി തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു.**

ബിൽ നം.3/2015-16 പ്രകാരം 26.02.2016 ൽ സബ്സിഡി വിഹിതമായ 73000/- രൂപയുടെ ട്രഷറി പി.ഒ.സി (നം.12266785) കുന്നത്തുനാട് സബ്ട്രഷറിയിൽ നിന്നും ലഭിച്ചു. അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസറുടെ പേരിൽ ഫെഡറൽ ബാങ്ക് പെരുമ്പാവൂർ ശാഖയിലുള്ള അക്കൗണ്ട് നം.17430100011071 ൽ 05.03.2016 ൽ ക്രെഡിറ്റ് ചെയ്യുകയും 31.03.2016 ൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് സബ്സിഡി തുക ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു.

കുന്നത്തുനാട് സബ്ട്രഷറി ബാങ്കിംഗ് ട്രഷറിയായതിനാൽ ട്രഷറി പി.ഒ.സി. ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പർ സഹിതം കുന്നത്തുനാട് എസ്.ബി.ടി. യിൽ നൽകി അവിടെ നിന്നും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടിയിരുന്നതിനു പകരം

നിർവ്വഹണോദ്യോഗസ്ഥന്റെ പേരിലുള്ള ഷെഡ്യൂൾഡ് ബാങ്ക് അക്കൗണ്ട് വഴി തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത് ശരിയായ നടപടിയല്ല. ബാങ്കിംഗ് ട്രഷറിയിൽ ഇടപാടുകൾ നടത്തുന്ന നിർവ്വഹണോദ്യോഗസ്ഥൻ സ്വന്തമായി മറ്റൊരു ബാങ്ക് അക്കൗണ്ട് തുടങ്ങി അതുവഴി പണമിടപാടുകൾ നടത്തുന്നത് ജി.ഒ.(പി) നം.177/2006 ഫിൻ തീ. 12.04.2006 ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ് ഈ സമ്പ്രദായം ഉടനടി നിർത്തേണ്ടതാണ്.

**<u>3) ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് സബ്സിഡി വിഹിതം നൽകി.</u>**

സലോമി ബാബു, മന്നാലിക്കുടി, പെരുമ്പാവൂർ എന്ന വ്യക്തിക്ക് 3800/- രൂപ വളം സബ്സിഡി ഫെഡറൽ ബാങ്ക് പെരുമ്പാവൂർ ശാഖയിലെ അക്കൗണ്ട് നം.10030100554745 ലേക്ക് 31.03.2016 ൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകി. കൗൺസിൽ അംഗീകരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഗുണഭോക്തൃ ലിസ്റ്റിൽ മേൽ വ്യക്തിയുടെ പേരില്ല. സർക്കുലർ നമ്പർ 4212/എബി1/14/തസ്വഭവ തീ. 18.12.14 പ്രകാരം അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പടാത്തവർക്ക് ആനുകൂല്യങ്ങൾ നൽകുന്നുവെങ്കിൽ ആയതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. തുക പ്ലാൻ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

**<u>4) അധിക നിരക്കിൽ സബ്സിഡി നൽകി 16668/- രൂപ</u>**

ജി.ഒ.(എം.എസ്) 362/തസ്വഭവ തീ. 16.11.13 നമ്പറായുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം ജൈവവളം സബ്സിഡിയായി പ്ലാൻ ഫണ്ടിൽ നിന്നും 75% തുകയേ പരമാവധി അനുവദിക്കാനാകൂ. ഇതിനു വിരുദ്ധമായി ചുവടെ ചേർക്കുന്നവർക്ക് അധിക നിരക്കിൽ സബ്സിഡി നൽകി.

.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വളം വാങ്ങിയ തുക ബിൽ നം/തീയതി | സബ്സിഡി നൽകിയ തുക | സബ്സിഡിക്ക് അർഹതയുള്ള തുക (ബിൽ തുകയുടെ 75%) | അധികം നൽകിയ സബ്സിഡി തുക |
|---|---|---|---|---|---|
| 1 | പി.എം.മാത്യു പള്ളിപ്പാടൻ | ബിൽ നം.B-1267 ഫാംസ് ഇന്ത്യാ, പെരുമ്പാവൂർ-1300/- | 4800 | 975 | 3825 |
| 2 | മേരി പൗലോസ് തോമ്പ്ര വീട് | A-4801/08.10.15 കെ.കെ.ഹമീദ് & കമ്പനി പെരുമ്പാവൂർ-880/- | 800 | 660 | 140 |
| 3 | ടി.സി.പൗലോസ് | A-4695/06.10.15 | 1200 | 773 | 427 |

| | | | | | |
|---|---|---|---|---|---|
| | തോമ്പ്ര വീട് | കെ.കെ.ഹമീദ് & കമ്പനി പെരുമ്പാവൂർ-1030/- | | | |
| 4 | പി.എ.വേലു, പീലിപ്പറമ്പിൽ ഇരിങ്ങോൾ | F-5567/12.10.15 ബ്രദേഴ്സ് ട്രേഡേഴ്സ്, കുറുപ്പംപടി - 980/- | 2000 | 735 | 1265 |
| 5 | എം.കെ.പൗലോസ് മന്നാലിക്കുടി | B-1034/30.09.15 ഫാംസ് ഇന്ത്യാ - 2500/- | 4500 | 1875 | 2625 |
| 6 | റസിയ എ.കെ. ചെന്താര വീട് | A-4374/28.09.15 കെ.കെ.ഹമീദ് & കമ്പനി പെരുമ്പാവൂർ-1250/- | 4000 | 938 | 3062 |
| 7 | ഇ.പീറ്റർ ഇടപ്പളവൻ | A-8262/17.12.15 കെ.കെ.ഹമീദ് & കമ്പനി പെരുമ്പാവൂർ-1750/- | 5000 | 1313 | 3687 |
| 8 | ടി.ജി.പൗലോസ് തോമ്പ്ര | A-21/01.04.15 കെ.കെ.ഹമീദ് & കമ്പനി പെരുമ്പാവൂർ-600/- | 4000 | 2363 | 1637 |
| | | A-195/13.04.15 കെ.കെ.ഹമീദ് & കമ്പനി പെരുമ്പാവൂർ-1350/- | | | |
| | | 963/17.09.15 അഗ്രോഹൈടെക്ക് മാർക്കറ്റിംഗ്-1200/- | | | |
| | **അധികം നൽകിയ തുക** | | | | **16668** |

അധിക നിരക്കിൽ നൽകിയ സബ്സിഡി തുക 16668/- രൂപ തിരികെ പ്ലാൻ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് 9/2015-16 തീ. 30.11.16 ആയി ഓഡിറ്റ് എൻക്വയറി നൽകിയതിന് പി.കെ.34/2016-17 തീ. 15.12.16 ആയി ലഭിച്ച മറുപടി തൃപ്തികരമല്ല.

## 3-16 <u>വാഴകൃഷിക്ക് വളം സബ്സിഡി- നിർവ്വഹണത്തിലെ അപാകതകൾ</u>

അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായുള്ള പ്രൊജക്ട് നമ്പർ S0027/16 പ്രകാരം നഗരസഭാ പരിധിയിലുള്ള 76 ഗുണഭോക്താക്കൾക്ക് വാഴകൃഷിക്കായി വളം സബ്സിഡി ഇനത്തിൽ 100000/- രൂപ നൽകി. പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപയും

ഗുണഭോക്തൃ വിഹിതം 75000/- രൂപയും ചേർത്ത് 175000/- രൂപയായിരുന്നു പദ്ധതി അടങ്കൽ. പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**1) ഗുണഭോക്തൃ വിഹിതം ഈടാക്കിയില്ല**

ജി.ഒ.(എം.എസ്)362/2013/തസ്വഭവ തീ.16.11.13 പ്രകാരം ജൈവവളത്തിന്റെ സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 75% വും ഗുണഭോക്തൃ വിഹിതം 25% വും ആണ്.

എന്നാൽ ഗുണഭോക്തൃ വിഹിതം ഈടാക്കാതെ ഗുണഭോക്താക്കൾ ഹാജരാക്കിയ ബില്ലിലെ തുകയുടെ 75% തുകയാണ് സബ്സിഡി ആയി നൽകിയത്. ഇത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

**(2) ഷെഡ്യൂൾഡ് ബാങ്ക് അക്കൗണ്ട് മുഖേന സബ്സിഡി തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു.**

ബിൽ നം.2/2015-16 പ്രകാരം 26.02.2016 ൽ സബ്സിഡി വിഹിതമായ 100000/- രൂപയുടെ ട്രഷറി പി.ഒ.സി (നം.12266784) കുന്നത്തുനാട് സബ്ട്രഷറിയിൽ നിന്നും ലഭിച്ചു. അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസറുടെ പേരിൽ ഫെഡറൽ ബാങ്ക് പെരുമ്പാവൂർ ശാഖയിലൂള്ള അക്കൗണ്ട് നം.17430100011071 ൽ 05.03.2016 ൽ മേൽ തുക ക്രെഡിറ്റ് ചെയ്യുകയും 31.03.2016 ൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു.

കുന്നത്തുനാട് സബ്ട്രഷറി ബാങ്കിംഗ് ട്രഷറിയായതിനാൽ ട്രഷറി പി.ഒ.സി. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് നമ്പർ സഹിതം കുന്നത്തുനാട് എസ്.ബി.ടി. യിൽ നൽകി അവിടെ നിന്നും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടിയിരുന്നതിനു പകരം നിർവ്വഹണോദ്യോഗസ്ഥന്റെ പേരിലുള്ള ഷെഡ്യൂൾഡ് ബാങ്ക് അക്കൗണ്ട് വഴി തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത് ശരിയായ നടപടിയല്ല. ബാങ്കിംഗ് ട്രഷറിയിൽ ഇടപാടുകൾ നടത്തുന്ന നിർവ്വഹണോദ്യോഗസ്ഥൻ സ്വന്തമായി മറ്റൊരു ബാങ്ക് അക്കൗണ്ട് തുടങ്ങി അതുവഴി പണമിടപാടുകൾ നടത്തുന്നത് ജി.ഒ.(പി) നം.177/2006 ഫിൻ തീ. 12.04.2006 ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ് ഈ സമ്പ്രദായം ഉടനടി നിർത്തേണ്ടതാണ്.

**3. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് സബ്സിഡി വിഹിതം നൽകി-7500/- രൂപ നിരാകരിക്കുന്നു.**

കൗൺസിൽ അംഗീകരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ലാത്ത ചുവടെ ചേർക്കുന്ന വ്യക്തികൾക്ക് സബ്സിഡി വിഹിതം നൽകി.

| ക്രമ | ഗുണഭോക്താവിന്റെ | നൽകിയ | തുക ട്രാൻസ്ഫർ ക്രെഡിറ്റ് |
|---|---|---|---|

| നം | പേര് | തുക | ചെയ്ത അക്കൗണ്ട് നം |
|---|---|---|---|
| 1 | സലോമി ബാബു, മന്നാലിക്കുടി | 1000 | 100301005547415 ഫെഡറൽ ബാങ്ക് പെരുമ്പാവൂർ |
| 2 | ലത വിജയൻ, വട്ടോലിൽ | 2000 | 337902010017738 UBI, പെരുമ്പാവൂർ |
| 3 | രാജേഷ് ബി, വട്ടോലിൽ | 2500 | 67245728104 എസ്.ബി.ടി, പെരുമ്പാവൂർ |
| 4 | പ്രസന്ന നായർ, കൃഷ്ണകൃപ | 2000 | 857210110002594 BOI, പെരുമ്പാവൂർ |
| ആകെ | | 7500 | |

സർക്കുലർ നമ്പർ 4212/എബി1/14/തസ്വഭവ തീ. 18.12.14 പ്രകാരം അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യങ്ങൾ നൽകുന്നുവെങ്കിൽ ആയതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. തുക പ്ലാൻ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

**4 ഒരേ വ്യക്തികൾക്ക് തന്നെ സബ്സിഡി തുക രണ്ടു തവണ നൽകി - അധികം നൽകിയ 6000/- രൂപ നിരാകരിക്കുന്നു.**

1) സി.എസ്. സിദ്ദിഖ്, ചെന്താര, റയോൺപുരം എന്ന വ്യക്തിക്ക് സബ്സിഡി തുക 2900/- രൂപ എസ്.ബി.ടി. പെരുമ്പാവൂർ ശാഖയിൽ ടിയാന്റെ പേരിലുള്ള അക്കൗണ്ട് നം. 67153135505 ലേക്ക് അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസറുടെ പേരിലുള്ള പെരുമ്പാവൂരിലെ ഫെഡറൽ ബാങ്ക് അക്കൗണ്ട് നം. 17430100011071ൽ നിന്ന് 31.03.16 ൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു. (അപേക്ഷയുടെ നമ്പർ 63) കെ.കെ.ഹമീദ് & കമ്പനിയിൽ നിന്നും ബിൽ നം.എ 4190/19.09.15 പ്രകാരം 3950/- രൂപയ്ക്ക് വളം വാങ്ങിയ ബിൽ അപേക്ഷയോടൊപ്പം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി അനുവദിച്ചത്. മേൽ നമ്പർ ബില്ലിന്റെയും അപേക്ഷയും പകർപ്പു വച്ച് മേൽ നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് 31.03.16 ൽ തന്നെ 1500/- രൂപ കൂടി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു. (അപേക്ഷ നം.23) സി.എസ്. സിദ്ദിഖ്, വി.എസ്. സിദ്ദിഖ് എന്നിങ്ങനെ വ്യത്യസ്തമായാണ് മേൽ വ്യക്തിയുടെ പേര് സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്നത്. അപേക്ഷയുടെയും ബില്ലിന്റെയും പകർപ്പിന്റെയും അടിസ്ഥാനത്തിൽ അനർഹമായി നൽകിയ 1500/- രൂപ തിരികെ പ്ലാൻ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

2) പി.സി.വർഗീസ്, പാറപ്പുറം, റയോൺപുരം എന്ന വ്യക്തിക്ക് 1500/- രൂപ സബ്സിഡി വിഹിതം അക്കൗണ്ട് നം. 30430075767 (എസ്.ബി.എെ പെരുമ്പാവൂർ) ലേക്ക് 31.03.16 ൽ

ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു. (അപേക്ഷ നം. 43) അനുഗ്രഹ ഫെർട്ടിലൈസേഴ്സ് & പെസ്റ്റിസൈഡ്സ് എന്ന സ്ഥാപനത്തിന്റെ ബിൽ നം. 125/29.09.15 (തുക 6807/- ) അപേക്ഷയോടൊപ്പം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി അനുവദിച്ചത്. ഇതേ വ്യക്തിക്ക് തന്നെ മേൽ അപേക്ഷയുടെ പകർപ്പിന്റെ അടിസ്ഥാനത്തിൽ (അപേക്ഷ നം. 27) 500/- രൂപ ഇതേ നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് 31.03.16 ൽ നൽകി വളം വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. 500/- രൂപ തിരികെ പ്ലാൻ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

3) എൽദോ കെ.എ, കുളങ്ങരപ്പാടത്ത്, പെരുമ്പാവൂർ എന്ന വ്യക്തിക്ക് 600/- രൂപ സബ്സിഡി വിഹിതം അക്കൗണ്ട് നം.57041490266 ലേക്ക് (എസ്.ബി.എെ, പെരുമ്പാവൂർ) 31.03.16 ൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു. കെ.കെ.ഹമീദ് & കമ്പനിയിൽ നിന്നുള്ള എ 4299/25.09.15 നമ്പർ ഇൻവോയ്സ് (തുക 4800/-) പ്രകാരമാണ് തുക അനുവദിച്ചത്. ഇതേ വ്യക്തിക്ക് തന്നെ മേൽ അപേക്ഷയുടെയും ഇൻവോയ്സിന്റെയും പകർപ്പ് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ (അപേക്ഷ നം. 68) ഇതേ അക്കൗണ്ട് നമ്പറിലേക്ക് തന്നെ 3000/- രൂപ 31.03.16 ൽ തന്നെ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു. അപേക്ഷയുടെയും ഇൻവോയ്സിന്റെയും പകർപ്പുപയോഗിച്ച് നൽകിയ സബ്സിഡി തുക 3000/- രൂപ തിരികെ പ്ലാൻ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

4) ദേവസി ഇ.ഡി. എടപ്പുളവൻ, റയോൺപുരം എന്ന വ്യക്തിക്ക് 1000/- രൂപ സബ്സിഡി വിഹിതം അക്കൗണ്ട് നം. 67009109592 (എസ്.ബി.ടി. പെരുമ്പാവൂർ) ലേക്ക് 31.03.16 ൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു. (അപേക്ഷ നം. 22) ക്രോപ്സ് ഗ്രീൻ, ആയത്തുപടി എന്ന സ്ഥാപനത്തിൽ നിന്നും വളം വാങ്ങിയ ബിൽ നം. B3/22.09.15 പ്രകാരമാണ് (തുക 7500/-) സബ്സിഡി അനുവദിച്ചത്. ബില്ലിന്റെ പകർപ്പാണ് ഹാജരാക്കിയത്. മേൽ വ്യക്തി തന്നെ ഒരു തവണ കൂടി അപേക്ഷ നൽകി (അപേക്ഷ നം.62) യതിന്റെ അടിസ്ഥാനത്തിൽ 5000/- രൂപ കൂടി സബ്സിഡി വിഹിതം നൽകി. മേൽ സൂചിപ്പിച്ച, വളം വാങ്ങിയ ബില്ലിന്റെ ഓറിജിനൽ രണ്ടാമത്തെ അപേക്ഷയോടാപ്പമാണ് ഹാജരാക്കിയത്. ബില്ലിന്റെ പകർപ്പ് ഹാജരാക്കി നേടിയ സബ്സിഡി വിഹിതം 1000/- രൂപ പ്ലാൻ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

ഗുണഭോക്തൃ ലിസ്റ്റിൽ സബ്സിഡിക്ക് അർഹരായ നിരവധി പേർ നിലനിൽക്കെ ഒരേ വ്യക്തികൾക്കു തന്നെ രണ്ടു തവണ അപേക്ഷ നൽകിയതിന്റെയും കൂടാതെ രേഖകളുടെ പകർപ്പിന്റെയും അടിസ്ഥാനത്തിൽ രണ്ടു തവണ സബ്സിഡി നൽകിയത് ഗുരുതരമായ

വീഴ്ചയാണ്. അനർഹമായി ആകെ നൽകിയ സബ്സിഡി തുക 6000/- രൂപ പ്ലാൻ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

**5. <u>സബ്സിഡി തുക ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായില്ല.</u>**

ഷാജു മത്തായി, കല്ലുങ്കൽ, പെരുമ്പാവൂർ എന്ന വ്യക്തിക്ക് 500/- രൂപ സബ്സിഡി ടി വ്യക്തിയുടെ പേരിലുള്ള ഫെഡറൽ ബാങ്ക് പെരുമ്പാവൂർ ശാഖ അക്കൗണ്ട് നം. 1003010009780 ലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതായി എ.എഫ്.ഒ. സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ പറയുന്നുണ്ടെങ്കിലും ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ തുക ക്രെഡിറ്റിൽ വന്നിട്ടില്ല. തുക ക്രെഡിറ്റു ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് 15/2015-16 തീ. 08.12.16, 20/15-16, തീ. 13.12.16 എന്നീ ഓഡിറ്റ് എൻക്വയറികൾ നൽകിയതിന് യഥാക്രമം പി.കെ.34/2016-17 തീ. 22.12.16, പി.കെ.34/2016-17 തീ. 15.12.16 എന്നിവ ആയി ലഭിച്ച മറുപടികൾ തൃപ്തികരമല്ല.

# 3-17 <u>സബ്സിഡി വിഹിതം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്-ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റിൽ അക്കൗണ്ട് നമ്പറുകൾ ഉൾപ്പെടുത്തിയിട്ടില്ല.</u>

അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പ്രോജക്റ്റ് നം. S 0027/16 പ്രകാരം 1 ലക്ഷം രൂപയും പ്രോജക്റ്റ് നം. S 0028/16 പ്രകാരം 73000/- രൂപയും നെൽകൃഷി പ്രൊഡക്ഷൻ ബോണസ് തുക 6800/- രൂപയും മേൽ വ്യക്തിയുടെ ഔദ്യോഗിക പേരിലുള്ള ഫെഡറൽ ബാങ്ക് അക്കൗണ്ട് നം. 17430100011071 ൽ നിന്നും വിവിധ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. അപേക്ഷയോടൊപ്പം നൽകിയിരിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കു തന്നെയാണ് തുക കൈമാറ്റം ചെയ്തിരിക്കുന്നതെന്നു തെളിയിക്കുന്ന രേഖകളൊന്നും ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റിൽ തുക NEFT മുഖേന കൈമാറിയ വ്യക്തികളുടെ പേരു മാത്രമേ കാണിച്ചിട്ടുള്ളൂ. അക്കൗണ്ട് നമ്പർ നൽകിയിട്ടില്ല. സബ്സിഡി തുക ഗുണഭോക്താക്കളുടെ വ്യക്തിഗത അക്കൗണ്ടുകളിലേക്ക് കൈമാറ്റം ചെയ്യുന്നതിനായി എ.എഫ്.ഓ. ഫെഡറൽ ബാങ്കിൽ നൽകിയ സ്റ്റേറ്റുമെന്റിന്റെ പകർപ്പ് ബാങ്ക് മുദ്രയോടു കൂടി തിരികെ ലഭിച്ചതല്ല പരിശോധനയ്ക്കായി

ഹാജരാക്കിയത്. പകരം ഹാജരാക്കിയ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ കാണിച്ചിരിക്കുന്ന സ്റ്റേറ്റ്മെന്റിൽ പേര്, ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി. കോഡ് എന്നിവയിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം വിജയൻ എന്ന വ്യക്തിക്ക് 31.3.16 ൽ വാഴകൃഷി സബ്സിഡി വിഹിതം 1000/- രൂപ എസ്.ബി.ടി. പെരുമ്പാവൂർ ശാഖയിലെ അക്കൗണ്ട് നം.64009109592 ലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു. എന്നാൽ മേൽ അക്കൗണ്ട് നമ്പർ ദേവസി ഇടപ്പുളവൻ എന്ന വ്യക്തിയുടേതാണ്.സബ്സിഡി വിഹിതത്തിനായി അപേക്ഷ നൽകിയതും ദേവസ്യ ഇടപ്പുളവൻ തന്നെയാണ്. ബാങ്ക് മുദ്രയോടു കൂടി ബാങ്കിൽ നിന്ന് തിരികെ ലഭിച്ച ഗുണഭോക്താക്കളുടെ സ്റ്റേറ്റ്മെന്റ് NEFT മുഖേന തുക ട്രാൻസ്ഫർ ചെയ്ത വിവിധ അക്കൗണ്ട് ഉടമകളുടെ പേര്, അക്കൗണ്ട് നമ്പർ ഇവ കാണിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്കായി ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 19/2015-16 തീ.13.12.2016 ആയി ഓഡിറ്റ് എൻക്വയറി നൽകിയതിന് പി.കെ.34/2016-17 തീ.15.12.2016 ആയി ലഭിച്ച മറുപടി തൃപ്തികരമല്ല.

# 3-18 ശാരീരിക വൈകല്യമുള്ളവർക്ക് ഉപകരണവിതരണം - അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് അനുകൂല്യം നൽകി- തുക നിരാകരിക്കുന്നു.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായുള്ള S0034/16 നമ്പർ പ്രൊജക്ട് പ്രകാരം ശാരീരിക വൈകല്യമുള്ള 15 ഗുണഭോക്താക്കൾക്ക് കേരള സംസ്ഥാന വികലാംഗ കോർപ്പറേഷൻ മുഖേന വിവിധ ഉപകരണങ്ങൾ വാങ്ങി നൽകി. 2 ലക്ഷം രൂപ വകയിരുത്തിയ പ്രൊജക്ടിന്റെ ചെലവ് 199489 രൂപയാണ്. (ബിൽ നം.11/2015-16 തീ.23.03.2016) 2014-15 വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതും ഉപകരണം ലഭിക്കാൻ അവശേഷിക്കുന്നവരുമായവർക്ക് വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും ആയവ വാങ്ങി നൽകുന്നതിന് 28.12.15 ലെ 3-ാം നമ്പർ തീരുമാനം പ്രകാരം വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അനുമതി നൽകി. 2014-15 വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിൽ അവശേഷിക്കുന്നവർക്ക് വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്ന് പദ്ധതി മാനദണ്ഡങ്ങൾ പാലിച്ച് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് 23.2.15 ലെ 2-ാം നമ്പർ തീരുമാനം പ്രകാരം നഗരസഭാ കൗൺസിലും അനുമതി നൽകി 2015-16 വർഷം പുതിയ അപേക്ഷകളൊന്നും ക്ഷണിച്ചിട്ടില്ല. നഗരസഭാ കൗൺസിൽ

അംഗീകരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ 2014-15 വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിൽ 38 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ സാമൂഹ്യ സുരക്ഷാ മിഷന്റെ 12.01.2015 ലെ പ്രിസ്ക്രിപ്ഷൻ ലിസ്റ്റ് (പെരുമ്പാവൂർ നഗരസഭ) ലെ 21,22,23,24,25,26,27,28,30,31,32 എന്നീ ക്രമ നമ്പറുകളിൽപ്പെട്ടവർക്കാണ് 2015-16 വർഷം ആനുകൂല്യം ലഭിച്ചതെന്ന് ഫയലിൽ പരാമർശിച്ചിട്ടുണ്ട്. മേൽ പ്രിസ്ക്രിപ്ഷൻ ലിസ്റ്റ് പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

ഓഡിറ്റിൽ നഗരസഭ ഹാജരാക്കിയ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ 28-ാം നമ്പരായി ഉൾപ്പെട്ടിട്ടുള്ള അച്ചു ചന്ദ്രൻ, ഇടാട്ടുപറമ്പിൽ, പെരുമ്പാവൂർ (വാർഡ് നമ്പർ 24) എന്ന വ്യക്തിക്ക് മാത്രമേ മേൽ പ്രൊജക്ട് പ്രകാരം ആനുകൂല്യം ലഭിച്ചുള്ളൂ. ആനുകൂല്യം ലഭിച്ച ബാക്കി 14 പേരും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരല്ല. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് ആനുകൂല്യം നൽകാതെ സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രിസ്ക്രിപ്ഷൻ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ആനുകൂല്യം നല്കിയതിനും ആനുകൂല്യം ലഭിക്കുന്നതിനായി 11 പേരെ തെരഞ്ഞെടുത്തതിനു ശേഷം 15 പേർക്ക് ആനുകൂല്യം നൽകിയതിനും കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് 32/2015-16 തീ.21.01.2017 ആയി നൽകിയ ഒാഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കുലർ നമ്പർ 4212/എബി1/14/തസ്വഭവ തീ. 18.12.14 പ്രകാരം അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യങ്ങൾ നൽകുന്നുവെങ്കിൽ ആയതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട അച്ചു ചന്ദ്രൻ എന്ന വ്യക്തിക്ക് ഉപകരണങ്ങൾ വാങ്ങി നൽകിയതിന് ചെലവഴിച്ച 14200/- രൂപ കിഴിച്ച് പ്രൊജക്ടിനായി ചെലവഴിച്ച ബാക്കി തുക 185289/- രൂപ പ്ലാൻ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

# 3-19 വാർഷിക പദ്ധതി - 2015-16 - ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു.

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായിയുള്ള ചുവടെ ചേർക്കുന്ന പ്രൊജക്ടുകളുടെ ട്രഷറി ബില്ലുകളുടെയും ചെലവു രേഖകളുടെയും പകർപ്പുകൾ ഹാജരാക്കിയിട്ടില്ല.

1) പ്രോജക്ട് നമ്പർ S0043/16

പദ്ധതിയുടെ പേര് - പ്രീമെട്രിക് ഗേൾസ് ഹോസ്റ്റൽ ദൈനംദിന ചെലവുകൾ

അടങ്കൽ തുക - 300000 രൂപ

ചെലവ് തുക - 300000 രൂപ

എ.സി.ആർ, ബിൽ ബുക്ക് എന്നിവ പ്രകാരം എസ്.സി.പി. ഫണ്ടിൽ നിന്നും ചുവടെ ചേർക്കും പ്രകാരം 3 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നം/തീയതി | തുക |
|---|---|
| 2/2015-16/21.08.2015 | 40215 |
| 3/2015-16/25.09.2015 | 75743 |
| 5/2015-16/28.11.2015 | 81344 |
| 6/2015-16/28.11.2015 | 76168 |
| 7/2015-16/28.03.2016 | 26530 |
| ആകെ | 300000 |

മേൽ ബില്ലുകളുടെ പകർപ്പുകൾ ഹാജരാക്കിയിട്ടില്ല. ഏതാനും ചെലവു രേഖകളുടെ പകർപ്പുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും അവ ഏതെല്ലാം ബില്ലുകൾക്കൊപ്പം ട്രഷറിയിൽ നൽകിയവയാണെന്ന് വ്യക്തമല്ല.

<u>2) പ്രോജക്റ്റ് നം.S0044/16</u>

പദ്ധതിയുടെ പേര് - പ്രീമെട്രിക് ഹോസ്റ്റൽ - ട്യൂഷൻ ഫീ

അടങ്കൽ തുക - 80000/-

ചെലവ് തുക - 80000/- (എസ്.സി.പി.ഫണ്ട്)

5331/- (ബി ഫണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ്)

ബിൽ നം - 4/2015-16 തീയതി 25.09.2015

മേൽ ബില്ലിന്റെയും അനുബന്ധമായുള്ള ചെലവു രേഖകളുടെ പകർപ്പുകൾ ഹാജരാക്കിയിട്ടില്ല.

പ്രൊജക്റ്റ് നമ്പർ S0044/16 ൻെറ ഭാഗമായി ചെലവഴിച്ച 5331/- രൂപ കൂടാതെ ചുവടെ ചേർക്കും പ്രകാരം 141431/- രൂപ കൂടി 2015-16 വർഷം ബി ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| **ബിൽ നം/തീയതി** | **തുക** |
|---|---|
| 11/2015-16/28.03.2016 | 10152 |
| 12/2015-16/28.03.2016 | 13556 |
| 13/2015-16/28.03.2016 | 40500 |

| | |
|---|---|
| 14/2015-16/28.03.2016 | 32003 |
| 15/2015-16/28.03.2016 | 17850 |
| 16/2015-16/28.03.2016 | 24000 |
| 17/2015-16/28.03.2016 | 3370 |

മേൽ ബില്ലുകളുടെയും ചെലവു രേഖകളുടെയും പകർപ്പുകൾ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല.

ജി.ഒ.(പി) നം.177/2006/ഫിൻ തീ. 12.04.2006 ഖണ്ഡിക 5.7 പ്രകാരം പണം പിൻവലിക്കുന്നതിനായി ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകൾ, വൗച്ചറുകൾ, അനുബന്ധരേഖകൾ എന്നിവയുടെ പകർപ്പുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതും ഓഡിറ്റിനായി ഹാജരാക്കേണ്ടതുമാണ്. ബില്ലുകളുടെയും ചെലവുകളുടെയും പകർപ്പുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 8/2015-16 തീ. 30.11.2016 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ മേൽ പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ആകെ ചെലവഴിച്ച തുകയായ 526762/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-20 പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര്യ ലഘൂകരണ സെൽ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പ്രൊജക്ടിന് വകയിരുത്തിയ തുക പട്ടികജാതി വികസന ഓഫീസർ കൈപ്പറ്റി-ചെലവു രേഖകൾ ലഭ്യമല്ല-തുക നിരാകരിക്കുന്നു.

പ്രൊജക്ട് ഓഫീസർ നഗരദാരിദ്ര്യ ലഘൂകരണസെൽ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള S0038/16 നമ്പർ പ്രൊജക്ടിനു വേണ്ടി (എസ്.സി ഭവന പദ്ധതി) 1200000/- രൂപ വകയിരുത്തിയതിൽ 470000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവു തുകയിൽ 390000/- രൂപ ഗുണഭോക്താക്കൾക്ക് ഭവന ധനസഹായം നൽകുന്നതിന് പ്രൊജക്ട് ഓഫീസർ ചെലവഴിക്കുകയും ആയതിന്റെ ചെലവു രേഖകൾ ഹാജരാക്കുകയും ചെയ്തു. എന്നാൽ എ.സി.ആർ പരിശോധിച്ചതിൽ 80000/- രൂപ പ്രൊജക്ട് ഓഫീസർക്ക് അനുവദിക്കേണ്ടതിനു പകരം പട്ടികജാതി വികസന ഓഫീസർക്ക് അലോട്ടു ചെയ്യുകയും ബിൽ നമ്പർ 1/15-16, തീ.21.08.15 പ്രകാരം ട്രഷറിയിൽ നിന്നും ബില്ലു മാറുകയും ചെയ്തു. എ.സി.ആർ പരിശോധിച്ചതിൽ പട്ടികജാതി വികസന ഓഫീസറുടെ 1/16.6.15 നമ്പർ റിക്വിസിഷൻ പ്രകാരം 19.6.15 നാണ് മുനിസിപ്പാലിറ്റിയിൽ നിന്നും അലോട്ട്മെന്റ് നൽകിയത്.

പ്രൊജക്ട് ഓഫീസർക്ക് അനുവദിക്കേണ്ടിയിരുന്ന തുക മറ്റൊരു നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയതിന്റെ കാരണം വ്യക്തമല്ല. മേൽ പ്രൊജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ പെട്ടവരാരും തന്നെ 80000/- രൂപ കൈപ്പറ്റിയിട്ടുമില്ല.

നഗരദാരിദ്ര്യ ലഘൂകരണസെൽ പ്രൊജക്ട് ഓാഫീസർക്ക് അനുവദിക്കേണ്ടിയിരുന്ന പദ്ധിതുക പട്ടികജാതി വികസന ഓഫീസർ മാറാനിടയായ സാഹചര്യം വ്യക്തമാക്കുവാനും ബില്ലിന്റെ പകർപ്പും അനുബന്ധ ചെലവു രേഖകളും ഹാജരാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് 8/2015-16 തീ.30.11.16 ആയി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

പട്ടികജാതി വികസന ഓഫീസർ മാറിയെടുത്ത 80000/- രൂപ ആരാണ് കൈപ്പറ്റിയതെന്ന് തെളിയിക്കുന്ന രേഖകളൊന്നും പട്ടികജാതി വികസന ഓഫീസറുടെ കൈവശം ലഭ്യമല്ല. യഥാർത്ഥത്തിൽ തുക ലഭിക്കേണ്ട S0038/16 നമ്പർ പ്രൊജക്ടിന്റെ ഗുണഭോക്താക്കൾക്ക് തുക ലഭിച്ചിട്ടുമില്ല. മേൽ സാഹചര്യത്തിൽ 80000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ പ്ലാൻ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

# 3-21 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിച്ചതിന് നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

ഫയൽ നം.429/16

നഗരസഭ 21-ാം വാർഡിൽ മുസലിയാർ റോഡിൽ അപകടാവസ്ഥയിൽ നിന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് വാരഡ് കൗൺസിലർ ശ്രീ. മണികണ്ഠൻ അപ്പു സെക്രട്ടറിക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ 26.02.2016 ൽ PW3.429/16 നം കത്തു മുഖേന കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയറോട് പോസ്റ്റ് മാറ്റിയിടുവാൻ ആവശ്യപ്പെട്ടു. (പോസ്റ്റ് നം.VM/20/L3) ഈ കത്തിന് മറുപടിയായി കെ.എസ്.ഇ.ബി AE/10/pbr/2015-16/DW- dt.15.02.16 നം കത്തിലൂടെ ഡിപ്പോസിറ്റ് വർക്കിൽ ഉൾപ്പെടുത്തി പോസ്റ്റ് മാറ്റുന്നതിന് 17699/- രൂപ അടക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. തുക നൽകുന്നതിന് 14/03/2016 ലെ 8-ാം നമ്പർ തീരുമാനപ്രകാരം കൗൺസിൽ അനുമതിയും നൽകിയിട്ടുണ്ട്. 17699/- രൂപ ചെക്ക് നം.142637/1—03/2016 പ്രകാരം കെ.എസ്.ഇ.ബി. ക്ക് നൽകിയിരിക്കുന്നു.

നിലവിൽ റോഡിൽ അപകടാവസ്ഥയിൽ നിന്ന പോസ്റ്റ് മാറ്റി സ്ഥാപിക്കുകയാണ് ചെയ്തത്. അത് കെ.എസ്.ഇ.ബി യുടെ ഉത്തരവാദിത്വമാണ്. റോഡ് വികസനത്തിന്റെ ഭാഗമായോ, ലൈൻ മാറ്റിയിടുന്നതിന്റെ ഭാഗമായോ പോസ്റ്റ് മാറ്റിയിടുവാൻ അപേക്ഷകൻ ആവശ്യപ്പെടുകയാണെങ്കിൽ മാത്രമേ പോസ്റ്റ് മാറ്റിയിടുന്നതിന്റെ ലേബർ ചാർജ്ജ് അപേക്ഷകൻ വഹിക്കേണ്ടതുള്ളൂ. നഗരസഭയിൽ അപകടാവസ്ഥയിൽ നിന്ന പോസ്റ്റ് മാറ്റി സ്ഥാപിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ നഗരസഭ കെ.എസ്.ഇ.ബി. ക്ക് നൽകിയിരിക്കുന്ന 17699/- രൂപ കെ.എസ്.ഇ.ബി. യിൽ നിന്നും തിരികെ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# 3-22 സാധാരണ മണ്ണ് കുഴിച്ചെടുക്കുന്ന പ്രവൃത്തിക്ക് തെറ്റായ നിരക്ക് നൽകിയതു മൂലം നഗരസഭയുടെ നഷ്ടം 2721 രൂപ

പ്രവൃത്തിയുടെ പേര് - വല്ലം ലിഫ്റ്റ് ഇറിഗേഷൻ കലുങ്ക് നിർമ്മാണം

ഫയൽ നം. 7956/14

എം.ബുക്ക് നം.8

ഈ വേലയുടെ ഇനം.1 സാധാരണ മണ്ണ് കുഴിച്ചെടുക്കുന്ന പ്രവൃത്തിയാണ്. സാധാരണ മണ്ണ് കുഴിച്ചെടുക്കുന്നതിന് അനുവദിക്കാവുന്ന നിരക്ക് എം3 ന് 128.44 രൂപയാണ്. എന്നാൽ ഈ പ്രവൃത്തിക്ക് നഗരസഭ അനുവദിച്ചിരിക്കുന്ന നിരക്ക് 237.36/M3 എന്നതാണ്.

ഉറപ്പുള്ള മണ്ണ് കുഴിച്ചെടുക്കുന്നതിന്റെ നിരക്കാണ് 237.36/M3 എന്നത്. ഇപ്രകാരം തെറ്റായ നിരക്ക് നൽകിയതു മൂലം 2721 രൂപയുടെ നഷ്ടം നഗരസഭയ്ക്കുണ്ടായിട്ടുണ്ട്. ഈ തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

25m3 സാധാരണ മണ്ണ് കുഴിച്ചെടുക്കുന്നതിന്

അനുവദിക്കാവുന്ന തുക - 25 x 128.44 - 3211

നൽകിയ തുക 25 x 237.26 - 5932

കൂടുതലായി അനുവദിച്ച തുക - <u>2721 രൂപ</u>

# 3-23 ഓവർ ഹെഡ് ചാർജ്ജിനത്തിൽ അധികമായി നൽകിയ 2534/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

പ്രവൃത്തിയുടെ പേര് - 25-ാം വാർഡിലെ വിവിധ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ

ഫയൽ നം.PW1-6162/12

എം.ബുക്ക് നം.104/11

ഈ വേലക്ക് ഓവർഹെഡ് ചാർജ്ജ് അനുവദിച്ചപ്പോൾ ടാറിന്റെ വിലയായ 42305/- രൂപയും ടാറിന്റെ വിലവ്യത്യാസം 8384 രൂപയും ഉൾപ്പെടെയുള്ള 50689/- രൂപയ്ക്ക് 5% ഓവർഹെഡ് ചാർജ്ജായി 2534 (50689 x 5%) രൂപ കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്. ടാർ നഗരസഭ നേരിട്ട് വാങ്ങി നൽകുന്നതിനാൽ ഓവർഹെഡ് ചാർജ്ജിന് അർഹതയില്ല. ആയതിനാൽ ഓവർഹെഡ് ചാർജ്ജിനത്തിൽ അധികമായി നൽകിയ 2534/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# 3-24 വല്ലം പാലം സംരക്ഷണ ഭിത്തി നിർമ്മാണം എന്ന വേലയ്ക്ക് അധിക നിരക്ക് നൽകിയതു മൂലം നഗരസഭയ്ക്കുണ്ടായ നഷ്ടം - 19549/- രൂപ

ഫയൽ നം. PW1-TFC-81/15-16

എം.ബുക്ക് നം.1/15, 6/15

വല്ലം പാലം സംരക്ഷണഭിത്തി നിർമ്മാണം എന്ന വേലയുടെ ഇനം 4 Dryrubble Masonary with hard stone in foundation and plinth including cost of all materials, labour, etc up to plinth level (modified the item 7.1.1) എന്നതാണ്. ഇതിൽ ഇനം 4-01 കോൺട്രാക്ടർ സ്വന്തം റബിളുപയോഗിച്ചുമാണ് ചെയ്തിരിക്കുന്നത്.

ഡിപ്പാർട്ട്മെന്റൽ റബിൾ ഉപയോഗിച്ച് ചെയ്തിരിക്കുന്ന 20.88 m3 ന് 1691.19 രൂപയും കോൺട്രാക്ടറുടെ റബിൾ ഉപയോഗിച്ച് ചെയ്തിരിക്കുന്ന 35.11m3 ന് 2834.53 രൂപയുമാണ് അനുവദിച്ചിരിക്കുന്നത്.

നഗരസഭ നൽകിയ ഡാറ്റാ പ്രകാരം ഡിപ്പാർട്ട്മെന്റ് റബിൾ ഉപയോഗിച്ച് ചെയ്യുന്ന വേലയ്ക്ക് 1168.27 രൂപയും, കോൺട്രാക്ടറുടെ റബിൾ ഉപയോഗിച്ചുള്ള വേലയ്ക്ക് 2834.53 രൂപയുമാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ LSGD ചീഫ് എഞ്ചിനീയർ അംഗീകരിച്ച നിരക്ക പ്രകാരം dry rubble masonary നൽകാവുന്നതാണ്. കോൺട്രാക്ടർക്ക് ഈയിനത്തിൽ എം3 ന് 100.52 രൂപ അധികമായി നൽകിയിട്ടുണ്ട്.

കൂടാതെ ഡിപ്പാർട്ട്മെന്റ് റബിൾ ഉപയോഗിച്ച് ചെയ്ത പ്രവൃത്തിക്ക് എം3ന് നൽകിയിരിക്കുന്ന 1168.27 രൂപയിൽ കൺവെയൻ ചാർജ്ജും അതിന്റെ cost index ഉം ഉൾപ്പെടുന്നുണ്ട്. ഡിപ്പാർട്ട്മെന്റ് റബിൾ ആയതിനാൽ കൺവെയൻ ചാർജ്ജും അതിന്റെ cost index ഉം അനുവദിനീയമല്ല. ഈയിനത്തിൽ അധികമായി നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കൺവെയൻസ് ചാർജ്ജ് | 145.32 |
| വാട്ടർ ചാർജ്ജ് (1%) | 1.45 |
| | 146.77 |
| CPOH (15%) | 22.01 |
| | 168.78 |
| cost index : 1.4476 : | 244.32 |
| അധികമായി നൽകിയ തുക | 244.32 |
| [illegible] | |

| | |
|---|---|
| ഡിപ്പാർട്ട്മെന്റൽ റബിൾ ഉപയോഗിക്കുമ്പോൾ അനുവദിക്കേണ്ടിയിരുന്ന തുക | 923.95 |
| കോൺട്രാക്ടർക്ക് അനുവദിച്ച തുക | 1691.19 |
| എം3ന് കൂടുതലായി നൽകിയ തുക | 1691.19 – 923.95 = 767.24 |

**അധികമായി നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.**

| | |
|---|---|
| കോൺട്രാക്ടറുടെ റബിൾ ഉപയോഗിച്ചുള്ള പ്രവൃത്തിക്ക് കൂടുതലായി നൽകിയ തുക | 35.11 x 100.52 = 3529.25 |
| ഡിപ്പാർട്ട്മെന്റ് റബിൾ ഉപയോഗിച്ചുള്ള പ്രവൃത്തിക്ക് കൂടുതലായി നൽകിയ തുക | 20.88 x 767.24 = 16020.00 |
| | 19549.25 |
| ആകെ കൂടുതലായി നൽകിയ തുക | **19549** |

കൂടുതലായി അനുവദിച്ച 19549 രൂപ കരാറുകാരനിൽ നിന്നും ഈടാക്കി നഗരസഭാഫണ്ടിൽ അടക്കേണ്ടതാണ്.

## 3-25 ടൈൽ വിരിച്ചതിന് കൂടിയ നിരക്കനുവദിച്ചതിനാൽ നഗരസഭയ്ക്കുണ്ടായ നഷ്ടം- 26376/- രൂപ

2015-16 വർഷം നഗരസഭയിലെ 4 റോഡുകൾ ടൈൽ വിരിച്ചതിന് (100mm thick M-30) m2 ന് 1667 രൂപ നിരക്കിൽ നൽകിയിട്ടുണ്ട്. ടൈൽ വിരിക്കുന്നതിനുള്ള 100mm bed ന് ഉപയോഗിച്ചിരിക്കുന്നത് 6mm broken stone ആണ്. എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത് 6mm broken stone ആണെങ്കിലും course sand ന്റെ നിരക്കാണ് ടി പ്രവൃത്തിക്ക് നൽകിയിരിക്കുന്നത്. 6 mm broken stone ന്റെ വില m2 ന് 1140/- രൂപയും course sand ന്റെ വില m2 ന് 1200/- രൂപയുമാണ്. 6mm broken stone ഉപയോഗിച്ച് 1 m2 ടൈൽ വിരിക്കുന്നതിന് അനുവദിക്കാവുന്ന നിരക്ക് 1559.68 രൂപയാണ്. എന്നാൽ നഗരസഭയിൽ ചെയ്തിരിക്കുന്ന റോഡ് ടൈൽ വിരിക്കൽ (100 mm thick M-30) പ്രവൃത്തികൾക്ക് ഇതിലും കൂടിയ നിരക്കാണ് അനുവദിച്ചിരിക്കുന്നത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം | പ്രവൃത്തിയുടെ പേര് | എം.ബുക്ക്നം/ പേജ് നം | ടൈൽ വിരിച്ച എരിയ | കോൺട്രാക്ടർക്ക് നൽകിയ തുക | കോൺട്രാക്ടർക്ക് നൽകേണ്ടിയിരുന്ന തുക | കൂടുതലായി നൽകിയ തുക |
|---|---|---|---|---|---|---|
| 1 | പിപി.റോഡ്, എ.എം.റോഡ് (w-21) PW1-MG 150/16 | 22/15 (30) | 901.19m2 | 1414661 (901x1569.77) | 1405568 (901x1559.68) | 9093 |
| 2 | KSRTCറോഡ് | 13/15 | 762.72m2 | 1195182 | 1189599 | 5583 |

| | | | | | | |
|---|---|---|---|---|---|---|
| | ടൈലിംഗ് (W-20) | (p.11) | | (762.72x1567) | (762.7x1559.68) | |
| 3 | പ്രൈവറ്റ് ബസ് സ്റ്റാൻന്റ് റോഡ് ടൈലിംഗ് | 31/15 (p.7) | 809.62 | 1268674 (809.62x1567) | 1262748 (809.62x1559.68) | 5926 |
| 4 | ഇ.വി.എം. റോഡ് ടൈലിംഗ് (PW1-MG 75/15-16) | 12/15 (p.10) | 788.87 | 1236159 (788.87x1567) | 1230385 788.87x1559.68) | 5774 |
| | | | | | | 26376 |

നഗരസഭയിലെ 4 റോഡുകൾ ടൈൽ വിരിച്ച ഇനത്തിൽ കൂടിയ നിരക്ക് അനുവദിച്ചിട്ടുള്ളതു മൂലം 26376/- രൂപയുടെ നഷ്ടം നഗരസഭയ്ക്കുണ്ടായിട്ടുണ്ട്. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി നഗരസഭാഫണ്ടിൽ അടക്കേണ്ടതാണ്.

## 3-26 മരാമത്ത് പ്രവൃത്തികൾക്ക് തെറ്റായ നിരക്ക് നൽകിയത് മൂലം നഗരസഭ്ക്കുണ്ടായ നഷ്ടം 258301 രൂപ

Dry Rubble masonery with hard stone in foundation and plinth including cost of all materials labour up to plinth level (7.1.1) എന്ന വേലയ്ക്ക് നഗരസഭ നൽകിയിരിക്കുന്ന നിരക്ക് എം.3ന് 3220.33 എന്നതാണ്. അതേ വേല Departmental rubble ഉപയോഗിച്ചാണ് ചെയ്യുന്നതെങ്കിൽ എം3ന് നൽകാവുന്ന നിരക്ക് 923.93 എന്നതാണ്.

നഗരസഭ തയ്യാറാക്കിയിരിക്കുന്ന observad data യിൽ dry rubble masonery ക്ക് ലേബർ ചാർജ്ജ് എടുത്തിരിക്കുന്നത് mason (for plain stone work) 2nd class എന്നതിന് (1.07 x 399) = 426.93 രൂപയും belder ന് (1.07 x 329) = 352.03 രൂപയുമാണ്. ഈ നിരക്ക് random rubble masonery യുടേതാണ് അനുവദനീയമായ നിരക്ക്.

msdon (0.8 x 399) = 319.20 രൂപയും belder ന് (0.8 x 329) 230.30 രൂപയുമായിരുന്നു.

തെറ്റായ നിരക്ക് എടുത്തതു മൂലം ചീഫ് എഞ്ചിനീയർ അംഗീകരിച്ച നിരക്കിനേക്കാൾ (3220.33 – 2734.01) എം3 ന് 486.32 രൂപ കരാറുകാർക്ക് അധികമായി നൽകിയിട്ടുണ്ട്. തെറ്റായ നിരക്ക് നൽകിയ വേലകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

<u>1) നഗരസഭ 23-ാം വാർഡ് കട്ടവാൾ കോളനി കാന നിർമ്മാണം</u>

ഫയൽ നം. PW1-P-SCP/89/15-16

എം.ബുക്ക് നം.04/16

കോൺട്രാക്ടർ - ശ്രീ. ബാബു ജോസഫ്

ഈ വേലയുടെ ഇനം 2 dry rubble masonery with hard stone in foundation and plinth including cost of all materials labour up to plinth level (7.1.1) എന്നതാണ്. ഈയിനത്തിൽ 450.08 എം3 വേല ചെയ്തിട്ടുണ്ട്.

| | |
|---|---|
| 450.08എം3 കോൺട്രാക്ടർക്ക് നൽകിയ തുക | 450.08 x 3220.33 = 1449406.13 |
| 450.08എം3 കോൺട്രാക്ടർക്ക്നൽകേണ്ടിയിരുന്ന തുക | 450.08 x 2734.01 = <u>1230523.22</u> |
| കൂടുതലായി നൽകിയ തുക | 1449406.13-1230523.22 |
| | 218882.91 = **<u>218883</u>** |

**<u>2) 25-ാം വാർഡിലെ ചെന്നിയറപൊട്ട സംരക്ഷണ ഭിത്തി നിർമ്മാണം</u>**

ഫയൽ നം. PW1-PF-TFC 68/15

എം.ബുക്ക് നം.08/16

കോൺട്രാക്ടർ - ശ്രീ. പി.ജെ.ജോളി

ഈ വേലയുടെ ഇനം 1 dry rubble masonery എന്നതാണ്. ഈയിനത്തിൽ 48.44 എം3 വേല ചെയ്തിട്ടുണ്ട്.

| | |
|---|---|
| 48.44 എം3 ന് കോൺട്രാക്ടർക്ക് നൽകിയ തുക | 48.44 x 3220.33 = 155992.78 |
| കോൺട്രാക്ടർക്ക്നൽകേണ്ടിയിരുന്ന തുക | <u>48.44 x 2734.01 =</u> 132435.44 |
| കൂടുതലായി നൽകിയ തുക | 155992.78-132435.44 = **<u>23557</u>** |

**<u>3) പ്രീമെട്രിക് ഹോസ്റ്റൽ ചുറ്റുമതിൽ അറ്റകുറ്റപ്പണി</u>**

ഫയൽ നം. PW3-PF-SCP/142/15-16

എം.ബുക്ക് നം.01/16

കോൺട്രാക്ടർ - ശ്രീ. പി.ജെ.ജോളി

ഈ വേലയുടെ ഇനം 4 dry rubble masonery വർക്കാണ്. 4(a) departmental rubble ഉപയോഗിച്ച് 4(b) കോൺട്രാക്ടറുടെ റബിളുപയോഗിച്ചുമുള്ള പ്രവൃത്തിയാണ്.

| | |
|---|---|
| 4(a) 8.44m3-departmental rubble ഉപയോഗിച്ചുള്ള പ്രവൃത്തിക്ക് കരാറുകാരന് നൽകിയ തുക | 8.44 x 1309.73 = 11054.12 |
| കരാറുകാരന് അനുവദനീയമായ നിരക്ക് | 8.44 x 923.93 = 7797.97 |
| കരാറുകാരന് കൂടുതലായി നൽകിയ തുക | **3256** |

| | |
|---|---|
| 4(b) കോൺട്രാക്ടറുടെ റബിളുപയോഗിച്ച് ചെയ്ത 25.92 എം3ന് കരാറുകാരന് നൽകിയ തുക | 25.92 x 3220.33 = 83470.95 |
| കരാറുകാരന് നൽകേണ്ടിയിരുന്ന തുക | 25.92 x 27.34.01 = 70865.54 |
| കൂടുതലായി നൽകിയ തുക | **12605 = 12605** |
| ആകെ കൂടുതലായി നൽകിയത് - (3256 + 12605) = 15861 രൂപ | |

മൂന്ന് പ്രവർത്തികൾക്കുമായി 258301 (218883+23557+15861) രൂപ കരാറുകാർക്ക് കൂടുതലായി നൽകിയിട്ടുണ്ട്. കൂടുതലായി നൽകിയ തുക ഉത്തരവാദിയായ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഇൗടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബൈലിസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ – വായ്പ തിരിച്ചടവ്

ഇല്ല

# 4-5 സ്ഥിര നിക്ഷേപങ്ങൾ

| വർഷം | 7635133 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | - |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | - |
| തന്നാണ്ടിൽ നിക്ഷേപിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 8168617 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം (ഉണ്ടെങ്കിൽ)**

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| സ്വച്ഛ്ഭാരത് മിഷൻ | EDCB |
| സ്വച്ഛ്ഭാരത് മിഷൻ | EDCB |
| ഫിഷ് മാർക്കറ്റ് ഡെപ്പോസിറ്റ് | IOB |
| ഫിഷ് മാർക്കറ്റ് ഡെപ്പോസിറ്റ് | IOB |

ഇവ തമ്മിലുള്ള വ്യത്യാസം 42658/- പലിശയിനത്തിലുള്ളതാണ്.

# 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 1995 മുതൽ 2007 വരെയുള്ള കാലത്തെ പദ്ധതി ക്രമക്കേടുകൾ | സോഡിയം വേപ്പർ ലാംബ് | 27698 | ബിജി സദാശിവൻ മുൻ കൗൺസിലർ | Rt.No.01/11502107341 dt.13.10.2015 |
| 1995 മുതൽ 2007 വരെയുള്ള കാലത്തെ പദ്ധതി ക്രമക്കേടുകൾ | ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ ക്രമക്കേട് | 40333 | വി.പി.ബാബു കൗൺസിലർ | Rt.No.01/11502107238 dt.13.10.2015 |
| 1995 മുതൽ 2007 വരെയുള്ള കാലത്തെ പദ്ധതി ക്രമക്കേടുകൾ | ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ ക്രമക്കേട് | 40333 | പി.എ.ബിന്ദു മുൻ കൗൺസിലർ | Rt.No.01/11502107243 dt. 13.10.2015 |
| 1995 മുതൽ 2007 വരെയുള്ള കാലത്തെ പദ്ധതി ക്രമക്കേടുകൾ | ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ ക്രമക്കേട് | 40333 | റ്റി.എൻ.അശോക് കുമാർ മുൻ കൗൺസിലർ | Rt.No.01/11502107228 dt. 13.10.2015 |
| 2013-14 | എൻക്വയറി നം.6 | 1250/- | സി.എസ്.സിദ്ദിഖ് | 11502102828/18.06.15 |

| | | | | |
|---|---|---|---|---|
| 2013-14 | | 9392/- | ഒ.കെ.മോഹനൻ | 11502103753/15.07.15 |
| 2005-06 | | 22207/- | കെ.എൈ.പൗലോസ് | 11502103948/22.07.15 |
| 2010-11 | File No.PW1/ P/54/8/10-11 | 502/- | മറിയാമ്മ റ്റി.സി W/o കെ.സി.ജോർജ്ജ്, കോൺട്രാക്ടർ | 11502104551/06.08.15 |
| 1984-85 | All paras regardomg municipal secretary | 1884/- | പ്രഭാകരൻ എം.എസ്. മുനിസിപ്പൽ സെക്രട്ടറി | 11502109232/09.12.15 |
| 1988-89 | | 11/- | സി.എം.മുഹമ്മദ്, വസന്തൻ KOV Hustresia & E.K.K.Muhammed | 11502109244/09.12.15 |
| 1988-89 | | 16/- | " | 11502109244/09.12.15 |
| 1989-90 | | 16/- | " | 11502109244/09.12.15 |
| 1988-89 | | 1/- | " | 11502109244/09.12.15 |
| 1983-84 | | 213/- | മുനിസിപ്പൽ കമ്മീഷണർ | 11502109383/14.12.15 |
| 1988-89 | | 57/- | " | 11502109382/14.12.15 |
| 1985-86 | | 63/- | " | 11502109383/14.12.15 |
| 1978-79 | | 72/- | " | 11502109384/14.12.15 |
| 1979-90 | | 929/- | " | 11502109385/14.12.15 |
| 87-88 | | 46/- | " | 11502109386/14.12.15 |
| 81-82 | | 632/- | " | 11502109401/15.12.15 |
| 82-83 | | 208/- | " | 11502109402/15.12.15 |
| 89-90 | | 773/- | " | 11502109403/15.12.15 |
| 86-87 | | 196/- | " | 11502109443/16.12.15 |
| 1979-80 | | 20/- | " | 11502109638/21.12.15 |
| 2013-14 | 11.08.2015 ലെ 37-ാം നമ്പർ ഓഡിറ്റ് എൻക്വയറി | 1034/- | അവനീന്ദ്രനാഥ് കുമാർ | 11502111913/12.02.16 |
| 2013-14 | " | 216/- | ശിവൻ കടലി | 11502112030/15.02.16 |
| 2013-14 | " | 686/- | മജീദ് പി.എസ് | 11502112328/18.02.16 |
| 2013-14 | " | 879/- | സോജൻ ജോസഫ് | 11502113625/27.02.16 |
| 2013-14 | " | 772/- | സോജൻ ജോസഫ് | 11502113626/27.02.16 |
| 2013-14 | " | 772/- | സോജൻ ജോസഫ് | 11502113627/27.02.16 |
| 2013-14 | " | 869/- | അൻസാരി | 11502115263/22.03.16 |
| 2013-14 | " | 1698/- | പി.എം.മനോജ് | 11502115522/28.03.16 |
| 2013-14 | " | 4158/- | ബിനോയ് വി.തോട്ടം | 11502115891/31.03.16 |
| 2013-14 | " | 4536/- | ബിനോയ് വി.തോട്ടം | 11502115892/31.03.16 |
| 2013-14 | " | 991/- | വി.എൻ.സുരേഷ്കുമാർ | 11502115912/31.03.16 |
| 2013-14 | " | 867/- | ഹേമ ഉദയകുമാർ | 11502500212/18.02.16 |
| 1995 മുതൽ 2007 | സോഡിയം വേപ്പർ ലാമ്പ് | 27698/- | എസ്.എസ്.അലി സ്രാമ്പിക്കൽ വീട് | 11502107347/13.10.15 |

| | | | | |
|---|---|---|---|---|
| വരെയുള്ള കാലത്തെ പദ്ധതി ക്രമക്കേടുകൾ | | | | |

# 4-7 സമാഹൃത ഒാഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികയുടെ വിവരം താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-14 | 2011-12 | 3.2.12 | പൊതുമരാമത്ത് പണി | തുടരുന്നു. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| വർഷം | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 185548333 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 195099834 |
| വരവിനങ്ങളിലുള്ള നഷ്ടം | 50510 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 656185 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 534062 |

**ബി) മുനിസിപ്പൽ ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം**

| **ഖണ്ഡിക നം** | **നഷ്ടമായ തുക** | | |
|---|---|---|---|
| | **ചാർജ്ജ് ചെയ്യാവുന്നവ** | **സർച്ചാർജ്ജ് ചെയ്യാവുന്നവ** | **ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും** |
| 2-1(1) | 3270 | | റ്റി.എസ്.സൈഫുദ്ദീൻ സെക്രട്ടറി, പെരുമ്പാവൂർ മുനിസിപ്പാലിറ്റി |
| 2-1(2) | 500 | | റ്റി.എസ്.സൈഫുദ്ദീൻ സെക്രട്ടറി, പെരുമ്പാവൂർ മുനിസിപ്പാലിറ്റി |
| 2-1(3) | 1000 | | റ്റി.എസ്.സൈഫുദ്ദീൻ സെക്രട്ടറി, പെരുമ്പാവൂർ മുനിസിപ്പാലിറ്റി |
| 2-1(4) | 12400 | | റ്റി.എസ്.സൈഫുദ്ദീൻ സെക്രട്ടറി, പെരുമ്പാവൂർ മുനിസിപ്പാലിറ്റി |

| | | | |
|---|---|---|---|
| 2-2 | 33340 | | റ്റി.എസ്.സൈഫുദ്ദീൻ<br>സെക്രട്ടറി, പെരുമ്പാവൂർ<br>മുനിസിപ്പാലിറ്റി |
| 3-2 | | 5400 | എൻ.റ്റി.ശശികുമാർ, ഹെൽത്ത്<br>സൂപ്രണ്ട്<br>പെരുമ്പാവൂർ മുനിസിപ്പാലിറ്റി |
| 3-3 | | 754 | എൻ.റ്റി.ശശികുമാർ, ഹെൽത്ത്<br>സൂപ്രണ്ട്<br>പെരുമ്പാവൂർ മുനിസിപ്പാലിറ്റി |
| 3-4 | | 23594 | റ്റി.എസ്.സൈഫുദ്ദീൻ<br>സെക്രട്ടറി, പെരുമ്പാവൂർ<br>മുനിസിപ്പാലിറ്റി |
| 3-15(3) | | 3800 | കെ.എ.രാജൻ, അഗ്രിക്കൾച്ചറൽ<br>അസിസ്റ്റൻറ് ഫീൽഡ് ഓഫീസർ |
| 3-15(4) | | 16668 | കെ.എ.രാജൻ, അഗ്രിക്കൾച്ചറൽ<br>അസിസ്റ്റൻറ് ഫീൽഡ് ഓഫീസർ |
| 3-16(3) | | 7500 | കെ.എ.രാജൻ, അഗ്രിക്കൾച്ചറൽ<br>അസിസ്റ്റൻറ് ഫീൽഡ് ഓഫീസർ |
| 3-16(4) | | 6000 | കെ.എ.രാജൻ, അഗ്രിക്കൾച്ചറൽ<br>അസിസ്റ്റൻറ് ഫീൽഡ് ഓഫീസർ |
| 3-18 | | 185289 | എെ.സൈനബ,<br>എെ.സി.ഡി.എസ്.<br>സൂപ്പർവൈസർ |
| 3-20 | | 80000 | ഷൈനിമോൾ കെ.ബി,<br>പട്ടികജാതി വികസ ഓഫീസർ |
| 3-21 | | 17699 | റ്റി.എസ്.സൈഫുദ്ദീൻ<br>സെക്രട്ടറി, പെരുമ്പാവൂർ<br>മുനിസിപ്പാലിറ്റി |
| 3-22 | | 2721 | ഫിബിമോൾ ഫ്രാൻസീസ്<br>മുനിസിപ്പൽ എഞ്ചിനീയർ |
| 3-23 | | 2534 | ഫിബിമോൾ ഫ്രാൻസീസ്<br>മുനിസിപ്പൽ എഞ്ചിനീയർ |
| 3-24 | | 19549 | ഫിബിമോൾ ഫ്രാൻസീസ്<br>മുനിസിപ്പൽ എഞ്ചിനീയർ |
| 3-25 | | 26376 | ഫിബിമോൾ ഫ്രാൻസീസ്<br>മുനിസിപ്പൽ എഞ്ചിനീയർ |
| 3-26 | | 258301<br>(1) 218883<br>(2) 23553<br>(3) 12605 | ഫിബിമോൾ ഫ്രാൻസീസ്<br>മുനിസിപ്പൽ എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-14 | 6800 | കെ.എ.രാജൻ, അഗ്രിക്കൾച്ചറൽ അസിസ്റ്റൻറ് ഫീൽഡ് ഓഫീസർ |
| 3-16(5) | 500 | കെ.എ.രാജൻ, അഗ്രിക്കൾച്ചറൽ അസിസ്റ്റൻറ് ഫീൽഡ് ഓഫീസർ |

| | | |
|---|---|---|
| 3-19 | 526762 | ഷൈനിമോൾ കെ.ബി, പട്ടികജാതി വികസ ഓഫീസർ |

**സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

3-18

**ഇ) റിപ്പോർട്ടിൽ പ്രതിപ്പാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിര മേൽവിലാസം |
|---|---|---|
| റ്റി.എസ്.സൈഫുദ്ദീൻ സെക്രട്ടറി | സെക്രട്ടറി, പെരുമ്പാവൂർ മുനിസിപ്പാലിറ്റി | തൈപ്പറമ്പിൽ വീട് ചന്തിരൂർ പി.ഒ ആലപ്പുഴ |
| എൻ.റ്റി.ശശികുമാർ ഹെൽത്ത് സൂപ്പർവൈസർ | ഹെൽത്ത് സൂപ്പർവൈസർ പെരുമ്പാവൂർ മുനിസിപ്പാലിറ്റി | നെടുമ്പറമ്പ് വീട് മടപ്പിള്ളി പി.ഒ, ചങ്ങനാശ്ശേരി കോട്ടയം - 686546 |
| കെ.എ.രാജൻ, | അഗ്രിക്കൾച്ചറൽ അസിസ്റ്റൻറ് ഫീൽഡ് ഓഫീസർ | കൊട്ടേക്കണ്ടത്തിൽ വീട് തുരുത്തി പി.ഒ, പ്രളയക്കാട് |
| എെ.സൈനബ, | എെ.സി.ഡി.എസ്. സൂപ്പർവൈസർ | പൂവത്തുങ്കൽ വീട്, ഇന്ദിരാഗാന്ധി കോളേജ് ജംഗ്ഷൻ, കനാൽപ്പാലം, നെല്ലിക്കുഴി |
| ഫിബിമോൾ ഫ്രാൻസീസ് | മുനിസിപ്പൽ എഞ്ചിനീയർ | കുമ്പിളുവിളി വീട് പാണ്ടമചിറ റോഡ് കടവന്ത്ര, കൊച്ചി-20 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപ്പാടിന്റെ വിവരം |
|---|---|
| 1987-88 | എൽ.എഫ്.ഇ(എം.1) 238/92/04.12.1992 |
| 1988-89 | എൽ.എഫ്.ഇ(എം.1) 1306/93/10.02.1995 |
| 1989-90 | എൽ.എഫ്.ഇ(എം.1) 1520/96/08.07.1996 |
| 1990-91 | |
| 1991-92മുതൽ 1994-95 വരെ | എൽ.എഫ്.ഇ(എം.1) 1195/96/25.01.1997 |
| 1997-98 | എൽ.എഫ്.ഇ(എം.1) 1020/99/09.06.2000 |
| 1998-99 | എൽ.എഫ്.ഇ(എം.1) 1347/2000/07.08.2001 |
| 1999-2000 | എൽ.എഫ്.ഇ(എം.1) 17/02/24.07.2002 |

| | |
|---|---|
| 2001-2002 | എൽ.എഫ്.ഇ(എം.1) 35/05/01.10.2005 |
| 2002-2003 | എൽ.എഫ്.ഇ(എം.1) 424/06/29.12.2006 |
| 2003-2004 | എൽ.എഫ്.ഇ(എം.1) 1490/09/10.05.2010 |
| 2004-2005 | എൽ.എഫ്.ഇ(എം.1) 1185/07/12.11.2008 |
| 2005-2006 | എൽ.എഫ്.ഇ (പി.എം.സി) എ2 18/10/03.09.2011 |
| 2006-2007 | എൽ.എഫ്.ഇ (പി.എം.സി) എ2 212/11/14.11.2011 |
| 2007-2008 | എൽ.എഫ്.ഇ (പി.എം.സി) എ2 202/13/26.09.2014 |
| 2008-2009 | എൽ.എഫ്. (പി.എം.സി) എ2 203/14/03.09.2014 |
| 2009-2010 | എൽ.എഫ്. (പി.എം.സി) എ2 192/12/19.09.2014 |
| 2010-2011 | എൽ.എഫ്. (പി.എം.സി) എ2 198/14/14.08.2014 |
| 2011-2012 | എൽ.എഫ്/15725/സ്പെ.സെൽ/സി.എസ്.സി/ എ2 14(1)(2) സർചാർജ്ജ് |
| 2012-2013 | എൽ.എഫ്.ഇ (പി.എം.സി) എ2 153/14/24.11.2014 |
| 2013-2014 | കെ.എസ്.എ.(പി.ബി.എം)എ2- 220/15/23.11.2015 |
| 2014-2015 | കെ.എസ്.എ.(പി.ബി.എം)എ2-211/2016/29.07.2016 |

.

## 4-10

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
നഗരസഭ ഓഡിറ്റ് കാര്യാലയം,
പെരുമ്പാവൂർ - 683 542
ഇ-മെയിൽ:mlpbvr.ksad@kerala.gov.in
തീയതി : 30.01.2017/

നം. കെ.എസ്.എ – പി.ബി.എം – എ2 – 226/16

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 -ാം വകുപ്പ് 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-(4) -ാം വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി **കംപ്ട്രോളർ** ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും **എറണാകുളം** ജില്ലയിലെ **പെരുമ്പാവൂർ**

**നഗരസഭയുടെ** 2015-16 -ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പെരുമ്പാവൂർ** നഗരസഭയുടെ 2015-16 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

.

No. K.S.A- PBM(A2) 226/16

Kerala State Audit Department
Municipal Audit Office
Perumbavoor,Pin – 683 542,
E-mail : mlpbvr.ksad@kerala.gov.in
Date : 30.01.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Perumbavoor Municipality in Ernakulam District for the year ended on 2015-16 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4) of the Kerala Municipality Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Muncipalities.

In my opinion, the Financial Statements of Perumbavoor Municipality for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

**Deputy Director**

Kerala State Audit Department